# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## വേങ്ങൂർ ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2022-2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
എറണാകുളം-682030

ഇ-മെയിൽ: doekm.ksad@kerala.gov.in

ഫോൺ : 0484-2422271

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ.ഇ.കെ.എം (പി 2)1672/2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
എറണാകുളം-682030
തീയ്യതി: 13/12/2023
ഇ-മെയിൽ:
doekm.ksad@kerala.gov.in
ഫോൺ: 0484-2422271

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
വേങ്ങൂർ ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : വേങ്ങൂർ ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം വേങ്ങൂർ ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, എറണാകുളം.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ.ഇ.കെ.എം (പി 2)1672/2023 തീയ്യതി: 13/12/2023

## എറണാകുളം ജില്ലയിലെ വേങ്ങൂർ ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

എറണാകുളം ജില്ലയിലെ വേങ്ങൂർ ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2022 മുതൽ 31-03-2023 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 28 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 14 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ബിന്ദു എസ് നായർ | ഡെപ്യൂട്ടി ഡയറക്ടർ | 20-10-2023 | 31-10-2023 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 20-10-2023 | 31-10-2023 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

1. ധീരജ് ജെ, ഓഡിറ്റ് ഓഫീസർ
2. റഷീദ് സി എം, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
3. ഷൈബി ഇ ഡി, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
4. ടിനു കെ ജെ, ഓഡിറ്റർ

### (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീമതി. ശില്പ സുധീഷ് | പ്രസിഡന്റ് | 01-04-2022 | 31-03-2023 |
| ശ്രീ. എം.എം. അന്ത്രു | സെക്രട്ടറി | 01-04-2022 | 31-05-2022 |
| ശ്രീ സുരേഷ് എൻ എ | സെക്രട്ടറി-ഇൻ-ചാർജ്ജ് | 01-06-2022 | 20-10-2022 |
| ശ്രീ അഫ്സൽരാജ് എം ആർ | സെക്രട്ടറി | 21-10-2022 | 31-03-2023 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ നിതീഷ് ബാബു എം | കൃഷി ഓഫീസർ | 01-04-2022 | 31-03-2023 |
| ഡോ.എഡിസൺ മാത്യു | വെറ്ററിനറി സർജൻ | 01-04-2022 | 31-03-2023 |
| ഡോ.ആനന്ദ് സെബാസ്റ്റ്യൻ | മെഡിക്കൽ ഓഫീസർ(സി എച്ച് സി) | 01-04-2022 | 31-03-2023 |
| ശ്രീമതി സുജാത പി വി | ഹെഡ്മിസ്ട്രസ് | 01-04-2022 | 31-03-2023 |
| ശ്രീമതി റഫീനബീവി എം എം | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 01-04-2022 | 31-03-2023 |
| ശ്രീമതി രമ്യ കെ എസ് | ഐ സി ഡി എസ് സൂപ്പർവൈസർ | 01-04-2022 | 31-03-2023 |
| ശ്രീ പ്രശോഭ് കെ പി | വി ഇ ഒ (കൊമ്പനാട്) | 01-04-2022 | 08-05-2022 |
| ശ്രീ ബേസിൽ ടി എൽദോസ് | വി ഇ ഒ (കൊമ്പനാട്) | 09-05-2022 | 31-08-2022 |
| ശ്രീമതി ബേബിമോൾ എസ് | വി ഇ ഒ (കൊമ്പനാട്) | 01-09-2022 | 31-03-2023 |
| ശ്രീ പ്രശോഭ് കെ പി | വി ഇ ഒ (വേങ്ങൂർ)-ചാർജ് | 01-04-2022 | 08-05-2022 |
| ശ്രീമതി ബിഞ്ചിലി കൃഷ്ണ | വി ഇ ഒ (വേങ്ങൂർ) | 09-05-2022 | 11-11-2022 |
| ശ്രീമതി ബേബിമോൾ എസ് | വി ഇ ഒ (വേങ്ങൂർ)-ചാർജ് | 12-11-2022 | 01-01-2023 |
| ശ്രീ അനന്തു കെ എൽ | വി ഇ ഒ (വേങ്ങൂർ) | 02-01-2023 | 31-03-2023 |
| ഡോ.അനുരാധ ആർ | മെഡിക്കൽ ഓഫീസർ, ആയുർവേദം | 01-04-2022 | 31-03-2023 |
| ശ്രീ സുഭാഷ് ജി | അസിസ്റ്റന്റ് എഞ്ചിനിയർ | 01-04-2022 | 31-03-2023 |
| ശ്രീ സുരേഷ് എൻ എ | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2022 | 31-10-2022 |
| ഒഴിവ് | അസിസ്റ്റന്റ് സെക്രട്ടറി | 01-11-2022 | 13-11-2022 |
| ശ്രീ സുധീഷ് കുമാർ.സി.കെ | അസിസ്റ്റന്റ് സെക്രട്ടറി | 14-11-2022 | 31-03-2023 |

ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | 1-1 |
| 2 | ആസ്തി ബാധ്യതാ കണക്കുകൾ കൃത്യമല്ല. | 1-1-1 |
| 3 | അനുപാതങ്ങളും കുറിപ്പുകളും ഉൾപ്പെടുത്തിയിട്ടില്ല | 1-1-2 |
| 4 | ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് കൃത്യമല്ല. | 1-1-3 |
| 5 | സ്റ്റോക്ക് രജിസ്റ്റർ പ്രകാരമുള്ള സ്റ്റോക്കിന്റെ മൂല്യം ബാലൻസ് ഷീറ്റിൽ ഉൾപ്പെടുത്തിയിട്ടില്ല. | 1-1-4 |
| 6 | വസ്തുനികുതി കണക്കുകൾ പൊരുത്തപ്പെടുന്നില്ല. | 1-1-5 |
| 7 | ധനകാര്യ കമ്മീഷൻ ഗ്രാന്റ് വിനിയോഗം രേഖപ്പെടുത്തിയത് കൃത്യമല്ല | 1-1-6 |
| 8 | നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുക കൃത്യമല്ല | 1-1-7 |
| 9 | ദുരിതാശ്വാസനിധി നീക്കിയിരിപ്പിലെ അപാകത | 1-1-8 |
| 10 | ബജറ്റ് | 1-2 |
| 11 | സാമ്പത്തിക വിശകലനം | 1-3 |
| 12 | ഗ്രാന്റ് വിനിയോഗം | 1-4 |
| 13 | പദ്ധതി അവലോകനം | 1-5 |
| 14 | തൊഴിലുറപ്പ് പദ്ധതി | 1-6 |
| 15 | ക്ഷേമ പദ്ധതികൾ | 1-7 |
| 16 | ക്യാഷ് വെരിഫിക്കേഷൻ | 1-8 |
| 17 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-9 |
| 18 | ആഭ്യന്തര നിയന്ത്രണം | 1-10 |
| 19 | തനത് വരുമാനം - അവലോകനം | 1-11 |
| 20 | മേഖല ഇനത്തിൽ അനർഹമായ വസ്തുനികുതി ഇളവ് നൽകി | 1-12 |
| 21 | വഴിസൗകര്യത്തിന്റെ അടിസ്ഥാനത്തിൽ അടിസ്ഥാനവസ്തുനികുതിയിൽ വർദ്ധനവ് ചെയ്തില്ല (തൻവർഷം). | 1-13 |
| 22 | വാണിജ്യകെട്ടിടങ്ങൾക്ക് തെറ്റായി വസ്തുനികുതി നിർണ്ണയിച്ചു. | 1-14 |
| 23 | തൊഴിൽനികുതി ഈടാക്കിയതിലെ അപാകതകൾ | 1-15 |
| 24 | കടമുറികളുടെ വാടക - ജി.എസ്.ടി ഈടാക്കിയ വിവരങ്ങൾ ലഭ്യമായില്ല. | 1-16 |
| 25 | വാണിജ്യ കെട്ടിടങ്ങൾക്ക് തെറ്റായ ഉപയോഗക്രമം നൽകി വസ്തുനികുതി നിർണ്ണയിച്ച് ഈടാക്കുന്നു. | 1-17 |
| 26 | മുൻകൂർ തുക നൽകിയെങ്കിലും നടീൽ വസ്തുക്കൾ ലഭ്യമായില്ല. | 1-18 |
| 27 | കരാർ നിയമനം നടത്തി വേതനം നൽകി | 1-19 |
| 28 | ആസ്തി സംരക്ഷണം കാര്യക്ഷമമാക്കേണ്ടതാണ്. | 1-20 |
| 29 | ഓണം അഡ്വാൻസ് ക്രമീകരിക്കാൻ അവശേഷിക്കുന്നു. | 1-21 |
| 30 | ലൈഫ് ഭവനപദ്ധതി - പൂർത്തീകരിച്ചിട്ടിലൽ - തുടർ നടപടി സ്വീകരിക്കണം | 1-22 |

| | | |
|---|---|---|
| 31 | ഉപയോഗ ശൂന്യമായ പൊതു ടാപ്പുകൾ ഒഴിവാക്കൽ -പ്രൊജക്ട് നടപ്പാക്കിയതിന്റെ വിശദാംശങ്ങളില്ല. | 1-23 |
| 32 | കുടിവെള്ള,വൈദ്യുതീകരണ പദ്ധതിയുടെ വിനിയോഗ വിവരങ്ങൾ ലഭ്യമാക്കിയിട്ടില്ല. | 1-24 |
| 33 | കുമ്പളം തോട് റോഡ് കോൺക്രീറ്റ് നിർവ്വഹണം – പൂർത്തീകരണ വിവരങ്ങൾ ലഭ്യമായിട്ടില്ല. | 1-25 |
| 34 | ഹോമിയോ ഡിസ്പെൻസറിയിലേയ്ക്ക് മരുന്നുവാങ്ങൽ പദ്ധതി പൂർത്തിയായിട്ടില്ല. | 1-26 |
| 35 | എസ് സി വിദ്യാർത്ഥികൾക്ക് ലാപ്ടോപ്പ് - പ്രൊജക്ട് പൂർത്തീകരിച്ചിട്ടില്ല. | 1-27 |
| 36 | ലാപ്ടോപ്പ് വാങ്ങൽ ചെലവിന്റെ രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല | 1-28 |
| 37 | പൊതുടാപ്പുകളുടെ വാട്ടർ ചാർജ് കുടിശ്ശിക തീർപ്പാക്കാത്തത് സംബന്ധിച്ച്. | 1-29 |
| 38 | സ്ട്രീറ്റ് ലൈൻ നീട്ടൽ പദ്ധതിയുടെ വിനിയോഗ വിവരങ്ങൾ സംബന്ധിച്ച് | 1-30 |
| 39 | കൃഷി ഓഫീസിന് മുകളിൽ സോളാർ പവർ പാനൽ സ്ഥാപിക്കൽ – ഓൺ ഗ്രിഡ് - പൂർത്തീകരണ വിവരങ്ങൾ ലഭ്യമല്ല. | 1-31 |
| 40 | ടേക്ക് എ ബ്രേക്ക് ടോയ്‌ലറ്റ് - വൈദ്യുതി കണക്ഷനും കുടിവെള്ള കണക്ഷനും - പ്രവൃത്തി പൂർത്തീകരണത്തിന്റെ വിവരങ്ങൾ ലഭ്യമാക്കിയിട്ടില്ല | 1-32 |
| 41 | ഐ.കെ.എം - വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല. | 1-33 |
| 42 | നിക്ഷേപ പ്രവൃത്തിയ്ക്ക് നൽകിയ മുൻകൂർ തുകകൾ ക്രമീകരിച്ചിട്ടില്ല | 1-34 |
| ഭാഗം **2** | | |
| 1 | മേഖല ഇനത്തിൽ അനർഹമായ വസ്തുനികുതി ഇളവ് നൽകി | 2-1 |
| 2 | വഴി സൗകര്യത്തിന്റെ അടിസ്ഥാനത്തിൽ അടിസ്ഥാനവസ്തുനികുതിയിൽ വർദ്ധനവ് ചെയ്തില്ല | 2-2 |
| ഭാഗം **3** | | |
| --- No Records Found --- | | |
| ഭാഗം **4** | | |
| 1 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നല്കിയതിന്റെ വിവരം | 4-1 |
| 2 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ടുകളുടെ വിവരം | 4-2 |
| 3 | നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരം | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് നല്കിയതിന്റെ വിവരങ്ങൾ | 4-4 |
| 5 | വായ്പ / വായ്പാതിരിച്ചടവ് | 4-5 |
| 6 | സ്ഥിരനിക്ഷേപങ്ങൾ | 4-6 |
| 7 | ഓഡിറ്റ് റിക്കവറി | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം | 4-8 |
| 9 | ചാർജ് സർചാർജ് നടപടികളുടെ വിവരം | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-11 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1

# പൊതു അവലോകനം

## 1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

1. കേരള പഞ്ചായത്ത് രാജ് ആക്ട് 1994ലെ സെക്ഷൻ 215(4) പ്രകാരം, കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ 2011, KSAD ഓഡിറ്റ് മാന്വൽ ചാപ്റ്റർ 4.2.1 & 11.3, സംസ്ഥാന ഗവൺമെന്റ്/ കേന്ദ്ര ഗവൺമെന്റ്, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിംഗ് ഏജൻസികൾ എന്നിവർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങളും പാലിക്കൽ നിർദ്ദേശങ്ങളും അനുസരിച്ച് വേങ്ങൂർ ഗ്രാമപഞ്ചായത്ത് കമ്മിറ്റിയുടെ 29.07.2023 ലെ 2ാം നമ്പർ തീരുമാനം പ്രകാരം തയ്യാറാക്കി 31.07.2023 തീയതിയിൽ, പിന്തുണക്കുന്ന ഫോമുകൾക്കൊപ്പം സമർപ്പിക്കപ്പെട്ടിട്ടുള്ള വേങ്ങൂർ ഗ്രാമപഞ്ചായത്തിന്റെ മാർച്ച്, 2023 ൽ അവസാനിച്ച വർഷത്തിലെ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡീച്ചർ സ്റ്റേറ്റ്മെന്റ് എന്നിവയും 31.03.2023 തീയതിവരെയുള്ള ബാലൻസ് ഷീറ്റും ഉൾപ്പെടുന്ന സാമ്പത്തിക പ്രസ്താവനകൾ ഞാൻ ഓഡിറ്റ് ചെയ്തിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപനത്തിന്റെ മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

2. C&AG ഓഫ് ഇന്ത്യ പുറപ്പെടുവിച്ച ഓഡിറ്റിംഗ് മാനദണ്ഡങ്ങളും C&AG നൽകിയിട്ടുള്ള പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾക്കും അനുസരിച്ചാണ് ഞാൻ എന്റെ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയിട്ടുള്ളത്. സാമ്പത്തിക പ്രസ്താവനകൾ വസ്തുതാപരമായ തെറ്റിദ്ധാരണകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. സാമ്പത്തിക പ്രസ്താവനകളിലെ തുകകളും വെളിപ്പെടുത്തലുകളും പിന്തുണയ്ക്കുന്ന തെളിവുകൾ പരിശോധിക്കുന്നത് ഓഡിറ്റിൽ ഉൾപ്പെടുന്നു. ഉപയോഗിച്ച അക്കൗണ്ടിംഗ് തത്വങ്ങളും ഉണ്ടാക്കിയ സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

3. എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും മികച്ച വിവരങ്ങളും നൽകിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

### വിശേഷണങ്ങളോടു കൂടിയ അഭിപ്രായം

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി, വേങ്ങൂർ ഗ്രാമ പഞ്ചായത്തിന്റെ 2022-23 വർഷത്തേക്കുള്ള വാർഷിക സാമ്പത്തിക പ്രസ്താവനകൾ സാമ്പത്തിക ഫലത്തെക്കുറിച്ചും സാമ്പത്തിക നിലയെക്കുറിച്ചും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

സ്ഥലം : കാക്കനാട്

തീയതി : 13.12.2023

ഡെപ്യൂട്ടി ഡയറക്ടർ

## 1-1-1 ആസ്തി ബാധ്യതാ കണക്കുകൾ കൃത്യമല്ല.

സിംഗിൾ എൻട്രി അക്കൌണ്ടിംഗ് സംവിധാനത്തിൽ നിന്നും ഡബിൾ എൻട്രി അക്കൌണ്ടിംഗ് സംവിധാനത്തിലേയ്ക്ക് മാറിയ ഘട്ടത്തിൽ ആസ്തി ബാധ്യതകൾ കൃത്യമായി നിർണ്ണയിക്കാതിരുന്നതിനാലും തുടർന്ന് കാലികമാക്കാതിരുന്നതിനാലും ബാലൻസ് ഷീറ്റിലെ ആസ്തിബാധ്യത കണക്കുകൾ കൃത്യമല്ല.

## 1-1-2 അനുപാതങ്ങളും കുറിപ്പുകളും ഉൾപ്പെടുത്തിയിട്ടില്ല

2011 ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് റൂൾസ് 62(2)(ഇ) (എഫ്)എന്നിവ പ്രകാരം വാർഷിക ധനകാര്യ പത്രികയോടൊപ്പം സമർപ്പിക്കേണ്ട, പ്രധാനപ്പെട്ട അക്കൗണ്ടിങ്ങ് നയങ്ങൾ, കണ്ടിജന്റ് ബാധ്യതകൾ, ധനസഹായ റിപ്പോർട്ടുകൾ, മറ്റ് വെളിപ്പെടുത്തലുകൾ തുടങ്ങിയവ ഉൾപ്പെടുന്ന കുറിപ്പുകൾ അടിസ്ഥാന അനുപാതങ്ങൾ എന്നിവ വാർഷിക ധനകാര്യ പത്രികയുടെ ഭാഗമാക്കിയിട്ടില്ല.

1-1-3 ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് കൃത്യമല്ല.

ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് പ്രകാരം 2022-23 കാലയളവിലെ "Net Increase/Decrease In Cash And Cash Equivalents" ആയി രേഖപ്പെടുത്തിയിരിക്കുന്നത് ₹9044962.00 ആണ്. എന്നാൽ ഇതേ പത്രികയിൽ 2022-23 കാലയളവിൽ "Net Cash Generated By Operating + Investing + Financing Activity" ആയി രേഖപ്പെടുത്തിയിരിക്കുന്നത് ₹-452532.00 ആണ്. അംഗീകരിക്കപ്പെട്ട അക്കൌണ്ടിങ്ങ് സ്റ്റാൻഡേർഡ് പ്രകാരം മേൽ രണ്ടു തുകകളും പൊരുത്തപ്പെടേണ്ടതാണെങ്കിലും പഞ്ചായത്ത് സമർപ്പിച്ച സ്റ്റേറ്റ്മെന്റിലെ രണ്ട് തുകകളും പൊരുത്തപ്പെടുന്നില്ല.

1-1-4 സ്റ്റോക്ക് രജിസ്റ്റർ പ്രകാരമുള്ള സ്റ്റോക്കിന്റെ മൂല്യം ബാലൻസ് ഷീറ്റിൽ ഉൾപ്പെടുത്തിയിട്ടില്ല.

2011 ലെ കേരളാ പഞ്ചായത്ത് രാജ് അക്കൌണ്ടിംഗ് ചട്ടം ,ചട്ടം 58(4)(എ) പ്രകാരം നീക്കിയിരിപ്പുള്ള സ്റ്റോക്കിന്റെ മൂല്യം കണക്കാക്കി ബാലൻസ് ഷീറ്റിൽ ഉൾപ്പെടുത്തിയിട്ടില്ല.

1-1-5 വസ്തുനികുതി കണക്കുകൾ പൊരുത്തപ്പെടുന്നില്ല.

വസ്തുനികുതി ഡി.സി.ബി. കണക്കുകൾ സഞ്ചയ സോഫ്റ്റ് വെയർ സ്റ്റേറ്റ്മെന്റും വാർഷികകണക്കുകളും തമ്മിൽ പൊരുത്തപ്പെടുന്നില്ല.

1-1-6 ധനകാര്യ കമ്മീഷൻ ഗ്രാന്റ് വിനിയോഗം രേഖപ്പെടുത്തിയത് കൃത്യമല്ല

ബാലൻസ് ഷീറ്റ് പ്രകാരം ധനകാര്യ കമ്മീഷൻ ഗ്രാന്റ്- Basic Grant (320200104) നീക്കിയിരിപ്പ് രേഖപ്പെടുത്തിയിട്ടുള്ളത് ₹4158042.00 എന്നാണ്. എന്നാൽ യഥാർത്ഥ നീക്കിയിരിപ്പ് ₹2666063.00 ആണ്. ഈ തുക Basic Grant ൽ നിന്ന് ചെലവ് ചെയ്യേണ്ടിയിരുന്ന തുക തെറ്റായി Tied Grant-ൽ നിന്ന് ചെലവ് ചെയ്തതിനാൽ അധികം വന്നതാണ്. ഇതേ കാരണത്താൽ യഥാർത്ഥത്തിൽ ₹10150053.00 നീക്കിയിരിപ്പ് വരേണ്ട Tied Grant (320200113) ൽ ബാലൻസ് ഷീറ്റിലെ നീക്കിയിരിപ്പ് ₹8666554.00 മാത്രമാണ്. (തിരികെ വന്ന ₹8480.00 ഉൾപ്പെടെ ആകെ ₹12824596.00 ബാങ്ക് നീക്കിയിരിപ്പുണ്ട്.)

1-1-7 നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുക കൃത്യമല്ല

നിക്ഷേപ പ്രവൃത്തികൾക്കായി ആകെ ₹1,58,57,646.00 കൈമാറിയിട്ടുണ്ടെങ്കിലും വാർഷിക ധനകാര്യ പത്രികയിൽ കെ.എസ്.ഇ.ബി-ക്ക് നൽകിയ ₹3,58,366.00 രൂപയും, വനസംരക്ഷണ സമിതിക്ക് നൽകിയ ₹274000.00/-, ANERT ന് നൽകിയ ₹66,792/- എന്നിവ മാത്രമാണ് ഈ ശീർഷകത്തിൽ ചേർത്തിട്ടുള്ളത്. വന സംരക്ഷണ സമിതിക്ക് നൽകിയ തുക പി. ഡബ്ല്യു. ഡി-ക്ക് നൽകിയ മുൻകൂർ എന്നാണ് രേഖപ്പെടുത്തിയിട്ടുള്ളത്.

1-1-8 ദുരിതാശ്വാസനിധി നീക്കിയിരിപ്പിലെ അപാകത

ദുരിതാശ്വാസ നിധി നീക്കിയിരിപ്പ് B4 ഷെഡ്യൂളിലെ നീക്കിയിരിപ്പ് ₹101535.00 ആണ്. എന്നാൽ പാസ്ബുക്ക് ബാലൻസിലെ തുക ₹94,635.00 ആണ്. ഈ വ്യത്യാസം ക്രമീകരിച്ചിട്ടില്ല.

1-2 ബജറ്റ്

സ്ഥാപനത്തിന്റെ 2022-23 സാമ്പത്തിക വർഷത്തെ ബജറ്റ് 15.03.2022 ലെ 1(1)-ാം നമ്പർ തീരുമാനപ്രകാരം ഭരണസമിതി അംഗീകരിച്ചിട്ടുണ്ട്. റിവൈസ്ഡ് ബജറ്റിന് 10.02.2023 ലെ 1(3)-ാം നമ്പർ തീരുമാനപ്രകാരം അംഗീകാരം നൽകിയിട്ടുണ്ട്.

| | ബജറ്റ് പ്രകാരമുള്ള വരവ് – ചെലവ് കണക്കുകൾ (റിവൈസ്ഡ്) |
|---|---|
| മുന്നിരിപ്പ് | 4900662.00 |
| വരവ് | 269872953.00 |
| ആകെ | 274773615.00 |
| ചെലവ് | 268796088.00 |
| നീക്കിയിരിപ്പ് | 5977527.00 |

1-3 സാമ്പത്തിക വിശകലനം

| | | |
|---|---|---|
| മുന്നിരുപ്പ് | : | ₹31980467 |
| ഓഡിറ്റ് വർഷത്തെ വരവ് | : | ₹130616373 |
| ആകെ | : | ₹162596840 |

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ചെലവ് | : | ₹121571411 |
| നീക്കിയിരുപ്പ് | : | ₹41025429 |

ഈ പത്രികയിലെ ഗ്രാമപഞ്ചായത്തിന്റെ വരവ് ചെലവുകൾ റസീപ്റ്റ് & പേയ്മെന്റ് അക്കൗണ്ട് ആധാരമാക്കിയാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. ഈ കണക്കുകളിൽ ഉൾപ്പെട്ടിട്ടില്ലാത്ത ഗ്രാന്റുകളുടെയും മറ്റും വരവ് ചെലവുകൾ തുടർ ഖണ്ഡികകളിൽ ഉൾപ്പെടുത്തിയിട്ടുള്ളതാണ്.

## 1-4 ഗ്രാന്റ് വിനിയോഗം

| ഫണ്ടിനം | മുന്നിരിപ്പ് | അലോട്ട്മെന്റ് പ്രകാരം വരവ് | ആകെ | ചെലവ് | നീക്കി യിരുപ്പ് | ചെലവഴി ക്കാതെ ലാപ്സായ തുക |
|---|---|---|---|---|---|---|
| വികസന ഫണ്ട് (ജനറൽ) | 0 | 34022000 | 34022000 | 29260168 | 0 | 4761832 |
| വികസന ഫണ്ട് (എസ്.സി.പി) | 0 | 4936000 | 4936000 | 4693985 | 0 | 242015 |
| വികസനഫണ്ട് (ടി.എസ്.പി) | 0 | 1246999 | 1246999 | 1131333 | 0 | 115666 |
| സംരക്ഷണ ഗ്രാന്റ് (റോഡ്) | 0 | 23244000 | 23244000 | 12181381 | 0 | 11062619 |
| സംരക്ഷണ ഗ്രാന്റ് (റോഡിതരം) | 0 | 8991000 | 8991000 | 8990496 | 0 | 504 |
| ധനകാര്യ കമ്മീഷൻ അവാർഡ് (Tied-ബാങ്ക്) | 6931567 | 8874000 | 15805567 | 5655514 | 10150053* | - |
| ധനകാര്യ കമ്മീഷൻ അവാർഡ് (Tied-ട്രഷറി) | 0 | 5693854 | 5693854 | 1642185 | | 4051669 |
| ധനകാര്യ കമ്മീഷൻ അവാർഡ് (Untied-ബാങ്ക്) | 874548 | 5916000+ 433939 (പലിശ) | 7224487 | 4558424 | 2666063** | 0 |
| ധനകാര്യ കമ്മീഷൻ അവാർഡ് (Untied-ട്രഷറി) | 0 | 497377 | 497377 | 454318 | 0 | 43059 |
| കേന്ദ്രാവിഷ്കൃതഫണ്ട് | | | | | | |
| 320100145 – ബഡ്സ് സ്കൂൾ | 1422056 | 30110 | 1452166 | 317780 | 1134386 | 0 |
| 320100156 (RGPSA) | 24077 | - | 24077 | - | 24077 | 0 |
| 320100181 – സാനിട്ടേഷൻ | 66142 | 0 | 66142 | 0 | 66142 | 0 |
| 320100182 – ടോട്ടൽ സാനിട്ടേഷൻ | 866718 | 150000 | 1016718 | 150000 | 866718 | 0 |
| 320100191 - നിർമ്മൽ പുരസ്കാരം | 380000 | - | 380000 | - | 380000 | 0 |
| ദുരിതാശ്വാസ നിധി | 172175 | 52860 | 225035 | 123500 | 101535 | 0 |
| 320100196 ICDS | 1278691 | 899476 | 2178167 | 57588 | 2120579 | 0 |
| ഹെൽത്ത് ഗ്രാന്റ് 320100202 | 0 | 406632 | 406632 | 0 | 406632 | 0 |
| ഹെൽത്ത് ഗ്രാന്റ് 320100204 | 0 | 253242 | 253242 | 0 | 253242 | 0 |
| 320100197 സാക്ഷരത | 5610 | - | 5610 | - | 5610 | 0 |
| 320100198 ശുചിത്വമിഷൻ | - | 150000 | 150000 | 150000 | - | 0 |
| സംസ്ഥാനാവിഷ്കൃത ഫണ്ട് | | | | | | 0 |
| 320200203 ഫിഷറീസ് ഫണ്ട് | 1032 | - | 1032 | - | 1032 | 0 |
| 320200399 ലൈഫ് -സംസ്ഥാന വിഹിതം | 4370000 | 3532000 | 7902000 | 6258000 | 1644000 | 0 |
| 320300103 (PBIG) | 509863 | 0 | 509863 | 0 | 509863 | 0 |
| 320300199 വിമുക്തി ഫണ്ട് | 387196 | 0 | 387196 | 0 | 387196 | |
| 320400101 NABARD | 3000 | 0 | 3000 | 0 | 3000 | 0 |
| കൊവിഡ് ഗ്രാന്റ് 20900102 | 52729 | 806 | 53535 | 0 | 53535 | 0 |

കുറിപ്പ്
* നീക്കിയിരിപ്പിലെ വ്യത്യാസം ഖണ്ഡിക നമ്പർ 1-1-6-ൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

ബജറ്റ് പ്രകാരം പഞ്ചായത്തിന് അനുവദിക്കുന്ന ഗ്രാന്റുകൾ കാര്യക്ഷമമായി ചെലവഴിക്കുന്നതിന് ശ്രദ്ധിക്കേണ്ടതാണ്. വിവിധ ഇനങ്ങളിൽ ലഭിച്ച ഗ്രാന്റുകൾ ഒന്നും പൂർണ്ണമായി ചെലവഴിക്കാൻ പഞ്ചായത്തിന് സാധിച്ചിട്ടില്ല. പഞ്ചായത്തിന്റെ വികസന പ്രവർത്തനങ്ങൾക്ക് ഉപയോഗിക്കേണ്ട ഗ്രാന്റ് നഷ്ടപ്പെടുത്തുന്നത് അഭിലഷണീയമല്ല. ഓരോ വർഷവും ഗ്രാന്റായി ലഭിക്കുന്ന തുകയുപയോഗിച്ച് ഗ്രാമപഞ്ചായത്തിൽ യഥാസമയം പ്രോജക്ടുകൾ ആസൂത്രണം ചെയ്ത് നടപ്പാക്കുന്നതിന് ഭരണസമിതി പ്രത്യേക ശ്രദ്ധ ചെലുത്തേണ്ടതാണ്.

## 1-5 പദ്ധതി അവലോകനം

| അംഗീ കാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | പദ്ധതി ചെലവ് | പൂർണ്ണ മായി നടപ്പാ ക്കിയത്. (എണ്ണം) | ഭാഗിക മായി നടപ്പാ ക്കിയത്. (എണ്ണം) | നടപ്പാ ക്കാത്തവ. എണ്ണം | പൂർത്തീ കരിച്ച പ്രോജ ക്ടുക ളുടെ % |
|---|---|---|---|---|---|---|
| 287 | ₹189536802 | ₹84049384 | 205 | 64 | 18 | 71.42% |

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുൻ ബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കി യിരിപ്പ് |
|---|---|---|---|---|---|
| ഭരണ ചെലവ് | 9034 | 1071263 (1068474+ 2789) (പലിശ) | 1080297 | 321914 | 758383 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | | 35615858 | 35615858 | 35615858 | |
| ആകെ | 9034 | 36687121 | 36696155 | 35937772 | 758383 |

## 1-7 ക്ഷേമ പദ്ധതികൾ

| ക്ഷേമപദ്ധതി യുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളു ടെഎണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 0.00 | 0 |
| കർഷകതൊഴിലാളി പെൻഷൻ | ₹11274800.00 | 851 |
| വിധവാപെൻഷൻ | ₹10304800.00 | 831 |
| വാർദ്ധക്യകാല പെൻഷൻ | ₹23814600.00 | 2048 |
| വികലാംഗപെൻഷൻ | ₹3329400.00 | 269 |
| അവിവാഹിതരായ 50 വയസ്സിനുമുകളിൽ പ്രായമായ വനിതകൾക്കുള്ള ധനസഹായം | ₹659200.00 | 53 |
| വിധവകളുടെ പെൺമക്കളുടെ വിവാഹ ധനസഹായം* | ₹180000.00 | 6 |

## 1-8 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4) വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 28.10.2023 തീയതിയിൽ 2.15 PM ന് സെക്രട്ടറിയുടെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 1611/- രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-9 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|

| | | | |
|---|---|---|---|
| | തീയതി | | |
| പെർഫോമൻസ് ഓഡിറ്റ് | 17.08.2021 | 01.04.2021 മുതൽ 31.07.2021 വരെ | റിപ്പോർട്ട് ലഭിച്ചില്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 11.04.2018 | 2016-17 | 30.07.2018 |

## 1-10 ആഭ്യന്തര നിയന്ത്രണം

പഞ്ചായത്തിന്റെ ആഭ്യന്തര നിയന്ത്രണം പൊതുവെ തൃപ്തികരമാണെങ്കിലും താഴെപ്പറയുന്ന വിഷയങ്ങളിലെ പോരായ്മകൾ ശ്രദ്ധയിൽപ്പെടുത്തുന്നു.

1. നിക്ഷേപ പ്രവൃത്തികൾക്കായി വിവിധ നിർവ്വഹണ ഏജൻസികൾക്ക് തുക കൈമാറുന്നുണ്ടെങ്കിലും പദ്ധതികളുടെ പൂർത്തീകരണം കൃത്യമായി നിരീക്ഷിക്കുകയോ കൈമാറിയ തുക ക്രമീകരിക്കുയോ ചെയ്യുന്നില്ല. കൈമാറുന്ന തുകകൾ വാർഷിക ധനകാര്യപത്രികയിൽ ശരിയായ രീതിയിൽ രേഖപ്പെടുത്തുന്നില്ല. നിർവ്വഹണ ഏജൻസികൾ മുഖേന പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തിയാക്കുന്നതിനുള്ള തുടർനടപടികൾ സ്വീകരിക്കേണ്ടതും ഫലപ്രദമായി മോണിറ്ററിംഗ് നടത്തേണ്ടതുമാണ്.
2. അഡ്വാൻസ് രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ല. മുൻവർഷങ്ങളിലേതുൾപ്പെടെ ഓണം അഡ്വാൻസ് ക്രമീകരിക്കാൻ അവശേഷിക്കുന്നുണ്ടെങ്കിലും തുടർനടപടി സ്വീകരിച്ചിട്ടില്ല.
3. പ്രത്യേക ഉദ്ദേശ്യ ഗ്രാന്റുകൾ ലഭിച്ചത് വിനിയോഗിക്കുകയോ, തിരിച്ചടയ്ക്കുകയോ ചെയ്യാതെ അവശേഷിക്കുന്നതിന്മേൽ തുടർനടപടി സ്വീകരിച്ചിട്ടില്ല.
4. തനതുഫണ്ടിൽ നിന്ന് തുകകൾ ചെലവഴിക്കുമ്പോൾ സർക്കാർ ഉത്തരവുകൾ കൃത്യമായി പാലിക്കുന്നില്ല. ജീവനക്കാരുടെ യാത്രയയപ്പ് പോലുള്ള ഇനങ്ങൾക്ക് തനതുഫണ്ടിൽ നിന്ന് തുക ചെലവഴിച്ചിട്ടുണ്ട്. യാത്രാബത്ത അനുവദിക്കുമ്പോൾ കൃത്യമായി ചട്ടങ്ങൾ പാലിക്കുന്നുവെന്ന് ഉറപ്പ് വരുത്തേണ്ടതാണ്.
5. കൈയ്യേറ്റം പോലുള്ള വിഷയങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുള്ളതിനാൽ ആസ്തി സംരക്ഷണം കാര്യക്ഷമമാക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.
6. പഞ്ചായത്ത് നൽകുന്ന ചെക്കുകൾ അതത് ബാങ്ക് അക്കൗണ്ടുകളിൽ നിന്ന് പണമാക്കാതെ മറ്റ് അക്കൗണ്ടുകളിൽ നിന്ന് മാറിയതിന് ശേഷം പിന്നീട് ക്രമീകരിച്ചിട്ടുള്ളതായി കാണുന്നു. ഇത് ഒഴിവാക്കേണ്ടതിന് നടപടി സ്വീകരിക്കേണ്ടതാണ്.

## 1-11 തനത് വരുമാനം - അവലോകനം

1) പാണിയേലി പോര്, പാണംകുഴി, പുലിയണിപ്പാറ മുതലായ മനോഹരമായ പ്രദേശങ്ങൾ സ്ഥിതി ചെയ്യുന്ന വേങ്ങൂർ ഗ്രാമപഞ്ചായത്ത് ടൂറിസത്തിലൂടെ വരുമാന സാധ്യത കൂടുതലുള്ള പ്രദേശമാണ്. വിനോദസഞ്ചാരികളെ ആകർഷിക്കുന്ന തരത്തിൽ സൗകര്യങ്ങൾ കൂടതൽ മെച്ചപ്പെടുത്താവുന്നതാണ്.

2) കെട്ടിട നിർമ്മാണ ചട്ടങ്ങൾ 2019 ( G.O.(P) No.78/2019/LSGD/2.11.2019) ലെ ചട്ടം 21 പ്രകാരം ഗ്രാമപഞ്ചായത്തിൽ പെർമിറ്റ് നൽകി, ഒക്കുപ്പൻസി നൽകിയ കെട്ടിടങ്ങളിന്മേൽ ഗ്രാമപഞ്ചായത്തിന് പോസ്റ്റ് ഒക്കുപ്പൻസി ഓഡിറ്റ് നടത്താവുന്നതാണ്. അനധികൃത കൂട്ടിച്ചേർക്കലുകൾ, മാറ്റം വരുത്തൽ, വിപുലീകരണം, ഉപയോഗമാറ്റം എന്നിവ വരുത്തിയിട്ടുണ്ടോയെന്നറിയാനാണ് ഇപ്രകാരം പോസ്റ്റ് ഒക്കുപ്പൻസി ഓഡിറ്റ് നടത്തേണ്ടത്. പ്രസ്തുത ചട്ടത്തിൽ ഒഴിവാക്കിയിട്ടുള്ള (രണ്ട് നിലവരെയുള്ള റെസിഡൻഷ്യൽ കെട്ടിടങ്ങൾ, 50 എം സ്ക്വയർ വരെയുള്ള കൊമേഴ്സ്യൽ കെട്ടിടങ്ങൾ മുതലായവ) കെട്ടിടങ്ങൾ ഒഴികെയുള്ള കെട്ടിടങ്ങളിന്മേൽ ഒക്കുപ്പൻസി സർട്ടിഫിക്കറ്റ് നൽകി 2 വർഷത്തിൽ ഒരിക്കലെങ്കിലും പോസ്റ്റ് ഒക്കുപ്പൻസി ഓഡിറ്റ് നടത്തണം. പഞ്ചായത്ത് അനുവദിച്ചതിൽ കൂടുതൽ അനധികൃത നിർമ്മാണം നടത്തി കെട്ടിടങ്ങൾ പ്രവർത്തിക്കുന്നെങ്കിൽ അത്തരം കെട്ടിടങ്ങൾക്കെതിരെ നടപടി സ്വീകരിക്കേണ്ടതാണ്.

3) വേങ്ങൂർ പഞ്ചായത്തിൽ വിവിധ റോഡുകൾ നിലവിലുണ്ട്. വസ്തുനികുതി നിർണ്ണയത്തിൽ ശരിയായ റോഡ് സെലക്ട് ചെയ്യാതെ നികുതി നിർണ്ണയിക്കുന്നതിനാൽ വസ്തുനികുതി നഷ്ടം ഉണ്ടാകുന്നുണ്ട്. ആയത് പരിശോധിക്കാവുന്നതാണ്.

4) 2011 ലെ കേരള പഞ്ചായത്ത് (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 26, 27, 28 പ്രകാരം ഗ്രാമപഞ്ചായത്ത് നൽകുന്ന സേവനങ്ങളുടെ അടിസ്ഥാനത്തിൽ സേവന ഉപനികുതി വസ്തുനികുതിയോടൊപ്പം ഗ്രാമപഞ്ചായത്ത് നിശ്ചയിക്കുന്ന നിരക്കിൽ ഈടാക്കുന്നതിന് വ്യവസ്ഥ ചെയ്യുന്നുണ്ട്. ആയത് ഈടാക്കുന്നതിനുള്ള സാധ്യത ഭരണസമിതി പരിശോധിക്കേണ്ടതാണ്.

5) I.F.T.E.O & OS ലൈസൻസ് അനുവദിച്ച സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്ന് തൊഴിൽ നികുതി ഈടാക്കി വരുമാനം വർദ്ധിപ്പിക്കാവുന്നതാണ്.

തനത് വരുമാനം വർദ്ധിപ്പിച്ച് സ്വയം പര്യാപ്തത കൈവരിക്കുക എന്നത് അനിവാര്യമായതിനാൽ ഇത്തരം വരുമാനമാർഗ്ഗങ്ങൾ വർദ്ധിപ്പിക്കാൻ ഉതകുന്ന തരത്തിലുള്ള നടപടികൾ ഭരണ സമിതി കൈകൊള്ളേണ്ടതാണ്. ആയവ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി യോഗങ്ങളിൽ ചർച്ചചെയ്യുകയും ചട്ടങ്ങൾക്ക് വിധേയമായി നൂതന ആശയങ്ങൾ നടപ്പിലാക്കാവുന്നതുമാണ്.

## 1-12 മേഖല ഇനത്തിൽ അനർഹമായ വസ്തുനികുതി ഇളവ് നൽകി

2011ലെ കേരള പഞ്ചായത്ത് രാജ് (വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ, ചട്ടം 6 പട്ടിക 1 പ്രകാരം പ്രഥമ മേഖലയിൽ ഉൾപ്പെടുന്ന കെട്ടിടങ്ങളുടെ അടിസ്ഥാന വസ്തു നികുതിയിൽ ഇളവ് നൽകാൻ പാടില്ല. ദ്വിതീയ മേഖല, തൃതീയ മേഖല എന്നിവയിൽ ഉൾപ്പെട്ട കെട്ടിടങ്ങൾക്ക് യഥാക്രമം 10% വും 20% വും അടിസ്ഥാന വസ്തുനികുതിയിൽ ഇളവ് നൽകേണ്ടതാണ്. പ്രീത രാജീവ്, കക്കാട്ടുകുന്നേൽ വീട്,പയ്യാൽ , നെടുങ്ങപ്ര. പി. ഒ എന്ന വ്യക്തിയുടെ 6/297/A എന്ന കെട്ടിടം, എച്ച് ബി തോമസ് മാർ ദിവന്നാത്തിയോസ് മെത്രോപൊലീത്താൻ, ,സെൻറ് മേരീസ് ചർച്ച്,നെടുങ്ങപ്ര.പി.ഒ,നെടുങ്ങപ്ര, എന്ന വ്യക്തിയുടെ 7/442/A, B, C, D എന്നീ കെട്ടിടങ്ങൾ എന്നിവയുടെ വസ്തുനികുതി നിർണ്ണയിച്ചപ്പോൾ അനർഹമായി മേഖല ഇളവ് നൽകി. ആയതിനാൽ വസ്തുനികുതിയിൽ കുറവുണ്ടായിട്ടുണ്ട്. വിശദവിവരങ്ങൾ ഖണ്ഡിക 2-1 ൽ ചേർത്തിട്ടുണ്ട്.

## 1-13 വഴിസൗകര്യത്തിന്റെ അടിസ്ഥാനത്തിൽ അടിസ്ഥാനവസ്തുനികുതിയിൽ വർദ്ധനവ് ചെയ്തില്ല (തൻവർഷം).

2011 ലെ കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ, ചട്ടം 6 പട്ടിക 2 പ്രകാരം അഞ്ച് മീറ്ററോ അതിൽ കൂടുതലോ വീതിയുള്ള റോഡിൽ നിന്നും പ്രവേശന മാർഗ്ഗം ഉള്ള കെട്ടിടങ്ങൾക്ക് കെട്ടിടത്തിലേക്കുള്ള വഴിസൗകര്യത്തിന്റെ അടിസ്ഥാനത്തിൽ അടിസ്ഥാന വസ്തുനികുതിയിൽ 20% വർദ്ധനവ് ചെയ്യേണ്ടതാണ്. എന്നാൽ വേപോൾസൺ എൽദോ, വെട്ടിക്കൽ വീട്, അരുവാപ്പാറ, എന്ന വ്യക്തിയുടെ ഉടമസ്ഥതയിലുള്ള 11/85/C നമ്പർ കെട്ടിടം, സജി, തൊണ്ടുമാലി വീട്, അരുവപ്പാറ പി. ഒ, അരുവപ്പാറ എന്ന വ്യക്തിയുടെ ഉടമസ്ഥതയിലുള്ള 5/57/A, B, C, D നമ്പർ കെട്ടിടങ്ങൾ എന്നിവയ്ക്ക് അഞ്ച് മീറ്ററോ അതിൽ കൂടുതലോ വീതിയുള്ള റോഡിൽ നിന്നും പ്രവേശന മാർഗ്ഗം ഉണ്ടായിട്ടും വഴിസൗകര്യത്തിന്റെ അടിസ്ഥാനത്തിൽ അടിസ്ഥാന വസ്തുനികുതിയിൽ 20% വർദ്ധനവ് ചെയ്തില്ല. ആയതിനാൽ വസ്തുനികുതിയിൽ കുറവുണ്ടായിട്ടുണ്ട്. വിശദവിവരങ്ങൾ ഖണ്ഡിക 2-2 ൽ ചേർത്തിട്ടുണ്ട്.

## 1-14 വാണിജ്യകെട്ടിടങ്ങൾക്ക് തെറ്റായി വസ്തുനികുതി നിർണ്ണയിച്ചു.

2011 ലെ കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ , ചട്ടം 6 പട്ടിക 2 പ്രകാരം അഞ്ച് മീറ്ററോ അതിൽ കൂടുതലോ വീതിയുള്ള റോഡിൽ നിന്നും പ്രവേശന മാർഗ്ഗം ഉള്ള കെട്ടിടങ്ങൾക്ക് കെട്ടിടത്തിലേക്കുള്ള വഴിസൗകര്യത്തിന്റെ അടിസ്ഥാനത്തിൽ അടിസ്ഥാന വസ്തുനികുതിയിൽ 20% വർദ്ധനവ് ചെയ്യേണ്ടതാണ്.

മേൽ ചട്ടങ്ങളിലെ ചട്ടം 6 പട്ടിക 1 പ്രകാരം പ്രഥമ മേഖലയിൽ ഉൾപ്പെടുന്ന കെട്ടിടങ്ങളുടെ അടിസ്ഥാന വസ്തു നികുതിയിൽ ഇളവ് നൽകാൻ പാടില്ല. 19-10-2011 ലെ പഞ്ചായത്ത് കമ്മിറ്റി 4-ാം നമ്പർ തീരുമാന പ്രകാരം പഞ്ചായത്തിലെ വേങ്ങൂർ, ചൂരത്തോട്, കൊമ്പനാട്, നെടുങ്ങപ്ര കവലകളുടെ 200 മീറ്റർ ചുറ്റളവിൽ വരുന്ന പ്രദേശങ്ങളും, പഞ്ചായത്തിലെ പി.ഡബ്ല്യ.ഡി റോഡുകളുടെ 100 മീറ്റർ ദൂരപരിധിയിൽ വരുന്ന പ്രദേശങ്ങളും പ്രഥമ മേഖലയിൽ ഉൾപ്പെടുന്നു.

വിനോദ് പി കുര്യൻ, പള്ളിയാംപുറത്ത് വീട്,വേങ്ങൂർ എന്ന വ്യക്തിയുടെ 12/131/A, 12/131/B, 12/131/C, 12/131/D, 12/131/E, 12/131/F, 12/131/G, 12/131/H, 12/131/J, 12/131/K, 12/131/M, 12/131/P/ 12/131/R, നമ്പർ കെട്ടിടങ്ങൾക്ക് കംപ്ലീഷൻ പ്ലാൻ പ്രകാരം 5 മീറ്റർ വീതി ഉള്ള tുങ്ങാലി - മീമ്പാറ റോഡിൽ നിന്നും പ്രവേശനമുണ്ട്. പ്ലാൻ പ്രകാരം വേങ്ങൂർ - കൊമ്പനാട് പി.ഡബ്ല്യ.ഡി റോഡിൽ നിന്നും 30 മീറ്റർ അകലത്തിലാണ് ടി കെട്ടിടങ്ങൾ സ്ഥിതി ചെയ്യുന്നത്. ഓവർസിയറുടേയും വസ്തുനികുതി സെക്ഷൻ ക്ലാർക്കിന്റേയും സാന്നിധ്യത്തിൽ ചെയ്ത 28-10-2023 ലെ സ്ഥല പരിശോധനയിൽ ആയത് ബോധ്യപ്പെടുകയും ചെയ്തു. പി.ഡബ്ല്യ.ഡി റോഡിൽ നിന്നും 100 മീറ്റർ ദൂര പരിധിക്കുള്ളിലാണ് കെട്ടിടം സ്ഥിതി ചെയ്യുന്നതിനാൽ പഞ്ചായത്ത് കമ്മിറ്റി തീരുമാനത്തിലെ വ്യവസ്ഥകൾ പ്രകാരം ആയത് പ്രഥമ മേഖലയാണ്. എന്നാൽ ഈ കെട്ടിടത്തിന് ദ്വിതീയ മേഖലയിൽ ഉൾപ്പെടുത്തി 10%

അടിസ്ഥാന വസ്തുനികുതിയിൽ ഇളവ് നൽകിയിട്ടുണ്ട്. 5 മീറ്റർ വീതി ഉള്ള റോഡിൽ നിന്നും ടി കെട്ടിടങ്ങൾക്ക് പ്രവേശനമുണ്ടെങ്കിലും അടിസ്ഥാന വസ്തുനികുതിയിൽ 20% വർദ്ധനവ് ചെയ്തില്ല.

വഴി സൗകര്യം ഇനത്തിൽ അടിസ്ഥാന വസ്തുനികുതിയിൽ വർദ്ധനവ് ചെയ്യാതെയും, ദ്വിതീയ മേഖലയിൽ ഉൾപ്പെടുത്തി അനർഹമായി നികുതി ഇളവ് നൽകിയും,വസ്തുനികുതി നിർണ്ണയിച്ചതിനാൽ നികുതി നഷ്ടം ഉണ്ടായിട്ടുണ്ട്. വിശദ വിവരം താഴെ ചേർക്കുന്നു.

| കെട്ടിട നമ്പർ | ഉപയോഗക്രമം | തറ വിസ്തീർണ്ണം (ച.മീ) | നിർണ്ണയിച്ച് ഈടാക്കുന്ന വസ്തുനികുതി | നിർണ്ണയിച്ച് ഈടാക്കേണ്ട വസ്തുനികുതി | കുറവ് | വസ്തുനികുതി ഈടാക്കുന്ന അർദ്ധ വർഷം | 2022 രണ്ടാം അർദ്ധവർഷം വരെ കുറവ് |
|---|---|---|---|---|---|---|---|
| 12/131/A | വാണിജ്യാവശ്യത്തിനുള്ളവ 200 ച.മീറ്റർ മുകളിൽ തറ വിസ്തീർണ്ണം ഉള്ള സൂപ്പർ മാർക്കറ്റ്, ഷോപ്പിംഗ് മാളുകൾ | 22.96 | 22.96 X 80 = 1836.8 - 183.68 (മോഖല 10% ഇളവ്)= 1654/- | 22.96 X 80 = 1836.8 + 367.36 (വഴി സൌകര്യം 20% വർദ്ധനവ്)= 2205/- | 551/- | 2021 ഒന്നാം അർദ്ധവർഷം മുതൽ | 1102/- |
| 12/131/B | വാണിജ്യാവശ്യത്തിനുള്ളവ 200 ച.മീറ്റർ മുകളിൽ തറ വിസ്തീർണ്ണം ഉള്ള സൂപ്പർ മാർക്കറ്റ്, ഷോപ്പിംഗ് മാളുകൾ | 22.95 | 22.95 X 80 = 1836 - 183.6 (മേഖല 10% ഇളവ്) = 1653/- | 22.95 X 80 = 1836 + 367.2 (വഴി സൌകര്യം 20% വർദ്ധനവ്) = 2204/-2021 ഒന്നാം അർദ്ധവർഷം മുതല് | 551 | 2021 ഒന്നാം അർദ്ധവർഷം മുതൽ | 1102/- |
| 12/131/C | വാണിജ്യാവശ്യത്തിനുള്ളവ 200 ച.മീറ്റർ മുകളിൽ തറ വിസ്തീർണ്ണം ഉള്ള സൂപ്പർ മാർക്കറ്റ്, ഷോപ്പിംഗ് മാളുകൾ | 22.95 | 22.95 X 80 = 1836 - 183.6 (മേഖല 10% ഇളവ്) = 1653/- | 22.95 X 80 = 1836 + 367.2 (വഴി സൌകര്യം 20% വർദ്ധനവ്) = 2204/- | 551/- | 2021 ഒന്നാം അർദ്ധവർഷം മുതൽ | 1102/- |
| 12/131/D | വാണിജ്യാവശ്യത്തിനുള്ളവ 200 ച.മീറ്റർ മുകളിൽ തറ വിസ്തീർണ്ണം ഉള്ള സൂപ്പർ മാർക്കറ്റ്, ഷോപ്പിംഗ് മാളുകൾ | 22.95 | 22.95 X 80 = 1836 - 183.6 (മേഖല 10% ഇളവ്) = 1653/- | 22.95 X 80 = 1836 + 367.2 (വഴി സൌകര്യം 20% വർദ്ധനവ്) = 2204/- | 551/- | 2021 ഒന്നാം അർദ്ധവർഷം മുതൽ | 1102/- |
| 12/131/E | വാണിജ്യാവശ്യത്തിനുള്ളവ 200 ച.മീറ്റർ മുകളിൽ തറ വിസ്തീർണ്ണം ഉള്ള സൂപ്പർ മാർക്കറ്റ്, ഷോപ്പിംഗ് മാളുകൾ | 20.96 | 20.96 X 80 = 1676.8 - 167.68(മേഖല 10% ഇളവ്) - 75.5 (ബഹുനില വാണിജ്യാവശ്യത്തിനുള്ള ഇളവ് 5%) = 1435/- | 20.96 X 80 = 1676.8 + 335.36(വഴി സൌകര്യം 20% വർദ്ധനവ്) - 100.608 (ബഹുനില വാണിജ്യാവശ്യത്തിനുള്ള ഇളവ് 5%)= 1912/- | 477/- | 2021 ഒന്നാം അർദ്ധവർഷം മുതൽ | 954/- |
| 12/131/ | വാണിജ്യാവശ്യത്തിനുള്ളവ 200 ച.മീറ്റർ മുകളിൽ തറ വിസ്തീർണ്ണം ഉള്ള സൂപ്പർ മാർക്കറ്റ്, ഷോപ്പിംഗ് മാളുകൾ | 20.96 | 20.96 X 80 = 1676.8 - 167.68 - 75.5 (ബഹുനില വാണിജ്യാവശ്യത്തിനുള്ള ഇളവ് 5%) = 1435/- | 20.96 X 80 = 1676.8 + 335.36(വഴി സൌകര്യം 20% വർദ്ധനവ്) - 100.608 (ബഹുനില വാണിജ്യാവശ്യത്തിനുള്ള ഇളവ് 5%)= 1912/- | 477/- | 2021 ഒന്നാം അർദ്ധവർഷം മുതൽ | 954/- |
| 12/131/G | വാണിജ്യാവശ്യത്തിനുള്ളവ 200 ച.മീറ്റർ മുകളിൽ തറ വിസ്തീർണ്ണം ഉള്ള സൂപ്പർ മാർക്കറ്റ്, ഷോപ്പിംഗ് മാളുകൾ | 20.96 | 20.96 X 80 = 1676.8 - 167.68 - 75.5 (ബഹുനില വാണിജ്യാവശ്യത്തിനുള്ള ഇളവ് 5%) = 1435/- | 20.96 X 80 = 1676.8 + 335.36(വഴി സൌകര്യം 20% വർദ്ധനവ്) - 100.608 (ബഹുനില വാണിജ്യാവശ്യത്തിനുള്ള ഇളവ് 5%)= 1912/- | 477/- | 2021 ഒന്നാം അർദ്ധവർഷം മുതൽ | 954/- |
| 12/131/H | വാണിജ്യാവശ്യത്തിനുള്ളവ 200 ച.മീറ്റർ മുകളിൽ തറ വിസ്തീർണ്ണം ഉള്ള സൂപ്പർ മാർക്കറ്റ്, ഷോപ്പിംഗ് മാളുകൾ | 20.96 | 20.96 X 80 = 1676.8 - 167.68 - 75.5 (ബഹുനില വാണിജ്യാവശ്യത്തിനുള്ള ഇളവ് 5%) = 1435/- | 20.96 X 80 = 1676.8 + 335.36(വഴി സൌകര്യം 20% വർദ്ധനവ്) - 100.608 (ബഹുനില വാണിജ്യാവശ്യത്തിനുള്ള | 477/- | 2021 ഒന്നാം അർദ്ധവർഷം മുതൽ | 954/- |

| | | | | | | | |
|---|---|---|---|---|---|---|---|
| | | | | ഇളവ് 5%)= 1912/- | | | |
| 12/131/J | ലോഡ്ജ് | 43.32 | 43.32 X 30 = 1299.6 - 129.96(മേഖല 10% ഇളവ്) = 1170/- | 43.32 X 30 = 1299.6 + 259.92 (വഴി സൌകര്യം 20% വർദ്ധനവ്) = 1560/- | 390/- | 2021 ഒന്നാം അർദ്ധവർഷം മുതൽ | 780/- |
| 12/131/K | ലോഡ്ജ് | 13.45 | 13.45 X 30 = 403.35 - 40.35(മേഖല 10% ഇളവ്) = 363/- | 13.45 X 30 = 403.35 + 80.67 (വഴി സൌകര്യം 20% വർദ്ധനവ്) = 485/- | 122/- | 2021 ഒന്നാം അർദ്ധവർഷം മുതൽ | 244/- |
| 12/131/M | വാണിജ്യാവശ്യത്തിനുള്ളവ 100 ച.മീറ്റർ വരെ തറ വിസ്തീർണ്ണം ഉള്ള ഹോട്ടൽ , റെസ്റ്റോറന്റുകൾ, ഷോപ്പുകൾ , ഗോഡൌൺ | 13.45 | 13.45 X 30 = 403.5 - 40.35 = 363/- | 13.45 X 30 = 403.35 + 80.67 (വഴി സൌകര്യം 20% വർദ്ധനവ്) = 485/- | 122/- | 2021 ഒന്നാം അർദ്ധവർഷം മുതൽ | 244/- |
| 12/131/P | വാണിജ്യാവശ്യത്തിനുള്ളവ 100 ച.മീറ്റർ വരെ തറ വിസ്തീർണ്ണം ഉള്ള ഹോട്ടൽ , റെസ്റ്റോറന്റുകൾ, ഷോപ്പുകൾ , ഗോഡൌൺ | 13.45 | 13.45 X 30 = 403.5 - 40.35 = 363/- | 13.45 X 30 = 403.35 + 80.67 (വഴി സൌകര്യം 20% വർദ്ധനവ്) = 485/- | 122/- | 2021 ഒന്നാം അർദ്ധവർഷം മുതൽ | 244/- |
| 12/131/R | വാണിജ്യാവശ്യത്തിനുള്ളവ 200 ച.മീറ്റർ മുകളിൽ തറ വിസ്തീർണ്ണം ഉള്ള സൂപ്പർ മാർക്കറ്റ്, ഷോപ്പിംഗ് മാളുകൾ | 43.14 | 43.14 X 80 = 3451.2 - 345.12 (മേഖല 10% ഇളവ്) = 3107/- | 43.14 X 80 = 3451.2 + 690.24 (വഴി സൌകര്യം 20% വർദ്ധനവ്)= 4142/- | 1035/- | 2021 ഒന്നാം അർദ്ധവർഷം മുതൽ | 2070/- |
| ആകെ കുറവ് | | | | | 5903/- | | 11806/- |

മേൽ അപാകത സൂചിപ്പിച്ച് ഓഡിറ്റ് എൻക്വയറി (17/28-10-2023) നൽകിയെങ്കിലും മറുപടി ലഭ്യമായില്ല. ഈ കെട്ടിടങ്ങളുടെ വസ്തുനികുതി ശരിയായി നിർണ്ണയിച്ച് സഞ്ചയയിൽ രേഖപ്പെടുത്തി കുറവ് വന്ന തുക കുടിശ്ശിക സഹിതം ഈടാക്കി വിവരം രേഖകൾ സഹിതം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1-15 തൊഴിൽനികുതി ഈടാക്കിയതിലെ അപാകതകൾ

2022-2023 സാമ്പത്തിക വർഷം തൊഴിൽനികുതി ഈടാക്കിയതിലെ അപാകതകൾ താഴെ ചേർക്കുന്നു.

1) താഴെ ചേർത്ത സ്ഥാപനങ്ങളിൽ നിന്നും ജീവനക്കാരുടെ തൊഴിൽ നികുതി, സ്ഥാപനതൊഴിൽ നികുതി എന്നിവ ഈടാക്കിയതായി തൊഴിൽ നികുതി രജിസ്റ്ററിൽ രേഖപ്പെടുത്തിയില്ല. ഇവരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയ രേഖകൾ ലഭ്യമായില്ല.

| ക്രമനമ്പർ | സ്ഥാപനം | തൊഴിൽ നികുതി രജിസ്റ്ററിലെ ക്രമനമ്പർ | ഈടാക്കാത്ത അർദ്ധ വർഷം | റിമാർക്ക്സ് |
|---|---|---|---|---|
| 1 | സെക്രട്ടറി, നെട്ടുങ്ങപ്ര എസ്.സി.ബി | 4 | II | ഒന്നാം അർദ്ധവർഷം 4 ജീവനക്കാരിൽ നിന്നും 1250/- രൂപ വീതം ആകെ 5000 രൂപ ഈടാക്കിയിട്ടുണ്ട്. |
| 2 | മിൽക്ക് പ്രൊഡ്യൂസേഴ്സ് കോ ഓപ്പറേറ്റീവ് സൊസൈറ്റി വെട്ടുളവ് , കൊമ്പനാട് | 34 | I, II | - |
| 3 | അന്നമ്മ മെമ്മോറിയൽ ക്ലിനിക്ക് | 41 | I, II | - |

| | | | | |
|---|---|---|---|---|
| 4 | പി.ഡി.പി.പി അരുവപ്പാറ | 54 | I, II | - |
| 5 | സെക്രട്ടറി, ക്ഷീര സംഘം മേക്കപ്പാല | 77 | I, II | - |
| 6 | സെക്രട്ടറി ക്ഷീരസംഘം വക്കുവള്ളി | 78 | I, II | - |

2) യൂണിയൻ ബാങ്ക് ഓഫ് ഇന്ത്യ, നെടുങ്ങപ്രയിൽ നിന്നം ഒന്നാം അർദ്ധവർഷം 1220101059/ 30.8.2022 നമ്പർ രസീത് മുഖേന സ്ഥാപന തൊഴിൽ നികുതി ഈടാക്കിയിട്ടുണ്ടെങ്കിലും രണ്ടാം അർദ്ധവർഷം ഈടാക്കിയതായി തൊഴിൽ നികുതി രജിസ്റ്ററിൽ രേഖപ്പെടുത്തിയില്ല. സ്ഥാപന തൊഴിൽ നികുതി ഈടാക്കിയ രേഖകൾ ലഭ്യമായില്ല.

3) പാരാമെഡിക്കൽ ലൈസൻസ് പുതുക്കിയ താഴെ ചേർത്ത പാരാമെഡിക്കൽ സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നം തൊഴിൽനികുതി ഈടാക്കിയില്ല.

| ക്രമ നം | പാരാമെഡിക്കൽ രജിസ്ട്രേഷൻ നമ്പർ | സ്ഥാപനത്തിന്റെ പേര് |
|---|---|---|
| 1 | 1 | എം.ജി.എം ഹോമിയോ ക്ലിനിക്ക് |
| 2 | 2 | ആൻ ആയുർവേദ പഞ്ചകർമ്മ ക്ലിനിക്ക് വേങ്ങൂർ |
| 3 | 3 | നന്ദന ക്ലിനിക്കൽ ലബോറട്ടറി |
| 4 | 4 | സെന്റ് ജോർജ്ജ് ക്ലിനിക്കൽ ലാബ് വേങ്ങൂർ |
| 5 | 5 | പ്രകൃതി ആയുർവേദ ക്ലിനിക്ക് മേക്കപ്പാറ |
| 6 | 6 | എച്ച്.ആർ.ഡി ലാബ്സ് |
| 7 | 7 | ഒലിവ് ഹോമിയോപ്പതി ക്ലിനിക്ക് |
| 8 | 8 | ജയ്ഹിന്ദ് ഹോമിയോ & ലബോറട്ടറി നെടുങ്ങപ്ര |
| 9 | 9 | ജോൺസ് ടൂത്ത് കെയർ ഡെന്റൽ ക്ലിനിക്ക് |
| 10 | 10 | ചൈതന്യ ആയുർവേദ ക്ലിനിക്ക് |

4) I.F.T.E & O S ലൈസൻസ് എടുത്ത താഴെ ചേർത്ത സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നം തൊഴിൽനികുതി ഈടാക്കിയില്ല.

| ക്രമ നം | സ്ഥാപനത്തിന്റെ പേര് | ലൈസൻസ് രജിസ്റ്ററിൽ ക്രമ നമ്പർ | കെട്ടിട നമ്പർ |
|---|---|---|---|
| 1 | ദീപം ഗ്രാനൈറ്റ്സ് ഇൻഡസ്ട്രീസ് കൊമ്പനാട് | 20 | 14/65 |
| 2 | ജെ എം എക്സ്പോർട്സ് വേങ്ങൂർ | 24 | 8/361/B |
| 3 | സെന്റ് ജോർജ്ജ് ഇൻഡസ്ട്രീസ് വേങ്ങൂർ | 23 | 8/361/A |
| 4 | സെക്രട്ടറി മിൽക്ക് കോ ഓപറേറ്റീവ് സൊസൈറ്റി കൊമ്പനാട്. | 26 | 14/449/A |
| 5 | ഗ്രേസ് പ്രിന്റേഴ്സ് പ്രസ്സ് | 38 | 2/456 |
| 6 | ഒമേഗ ഇന്നൊവേറ്റീവ് ഇൻഡസ്ട്രീസ് | 40,41 | 11/86/J, L |

| | | | |
|---|---|---|---|
| 7 | എസ്കോവേഡ് റിസോർട്ട് | 46 | 4/357/A,B,C,D |
| 8 | ഇലക്ട്രോ കൺട്രോൾഡ് | 124 | 12/289/A |
| 9 | ആർ.എം സ്പൈസസ് | 139, 140 | 8/362/A,D |
| 10 | ജയ്ഹിന്ദ് ഹോസ്പിറ്റൽ & ലബോറട്ടറി നെടുങ്ങപ്ര | 224 | 6/265/C |
| 11 | ഷാല്യ മെറ്റൽ ക്രഷർ നെടുങ്ങപ്ര | 225 | 7/77 |
| 12 | പ്രകൃതി ആയുർവ്വേദ ക്ലിനിക്ക് നെടുങ്ങപ്ര | 230 | 5/257/A |
| 13 | Que Rico Exim Pvt Ltd, Vengoor | 234 | 11/46/D |
| 14 | ഒലിവ് ഹോമിയോപ്പതി ക്ലിനിക്ക് | 241 | 9/583/C |
| 15 | സെക്രട്ടറി കൊമ്പനാട് മിൽക്ക് പ്രൊഡക്ടേഴ്സ് കോ ഓപറേറ്റീവ് സൊസൈറ്റി E 226 (D) | 260 | 13/71 |
| 16 | ALPINE LIFE PACK | 289 | 8/175, 176 |

5) 2022-2023 സാമ്പത്തിക വർഷം വിവിധ മരാമത്ത് ജോലികൾ ഏറ്റെടുത്ത് നടപ്പാക്കിയ കരാറുകാരിൽ നിന്നും തൊഴിൽനികുതി ഈടാക്കിയില്ല.

6) പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന ആധാരം എഴുത്ത് സ്ഥാപനങ്ങൾ, കമ്പ്യൂട്ടർ സെന്ററുകൾ, സ്വകാര്യ ട്യൂട്ടോറിയൽ സ്ഥാപനങ്ങൾ മുതലായവയിൽ നിന്നും തൊഴിൽനികുതി ഈടാക്കിയില്ല.
മേൽ ചേർത്തവരിൽ നിന്നും തൊഴിൽനികുതി ഈടാക്കിയിട്ടുണ്ടെങ്കിൽ വിവരങ്ങൾ ലഭ്യമാക്കേണ്ടതാണെന്നും അല്ലാത്ത പക്ഷം വിശദീകരണം ലഭ്യമാക്കേണ്ടതാണെന്നും സൂചിപ്പിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (9/28-10-2023) തൻവർഷം സ്ഥാപന തൊഴിൽ നികുതി, ജീവനക്കാരുടെ തൊഴിൽനികുതി എന്നിവ ഈടാക്കാൻ വിട്ട് പോയിട്ടുള്ളത് ഈടാക്കി വിവരം അറിയിക്കുന്നതാണ് എന്ന മറുപടി ലഭ്യമാക്കിയിട്ടുണ്ട്. മേൽ സൂചിപ്പിച്ചവരിൽ നിന്നും തൊഴിൽനികുതി ഈടാക്കി വിവരം രേഖകൾ സഹിതം അറിയിക്കേണ്ടതാണ്.

### 1-16 കടമുറികളുടെ വാടക - ജി.എസ്.ടി ഈടാക്കിയ വിവരങ്ങൾ ലഭ്യമായില്ല.

ഗ്രാമപഞ്ചായത്ത് വക ഷോപ്പിംഗ് കോംപ്ലക്സ് കെട്ടിടത്തിലെ 11/396, 397, 398, 399, 400, 401, 402,403 എന്നീ കടമുറികൾ 2022 ഏപ്രിൽ മുതൽ ജൂൺ വരെ (മൂന്ന് മാസം) 15400/- രൂപയും 2022 ജൂലൈ മുതൽ 2023 മാർച്ച് വരെ (9 മാസം) 16940/- രൂപയും വാടക നിശ്ചയിച്ച് എക്സിക്യൂട്ടീവ് എഞ്ചിനിയർ കെ.എസ്.ഇ.ബി പെരുമ്പാവൂർ ന് വാടകക്ക് നൽകിയിട്ടുണ്ട്. വാടക കരാറിലെ രണ്ടാം നമ്പർ വ്യവസ്ഥ പ്രകാരം കരാർ കാലാവധിയിൽ സർക്കാർ നിഷ്കർഷിച്ച ജി.എസ്.ടി ബാധകമായിരിക്കും. ആയത് പ്രകാരം 18% ജി.എസ്.ടി (മൂന്ന് മാസം 2772/- രൂപ വീതം, 9 മാസം 3049/- രൂപ വീതം)പഞ്ചായത്ത് ഡിമാന്റ് ചെയ്തിട്ടുണ്ട്. എന്നാൽ കെ.എസ്.ഇ.ബി ആയത് അടവാക്കിയതിന്റെ രേഖകൾ ലഭ്യമായില്ല. പെരുമ്പാവൂർ കെ.എസ്.ഇ.ബി എക്സിക്യൂട്ടീവ് എഞ്ചിനിയർ വേങ്ങൂർ ഗ്രാമപഞ്ചായത്ത് സെക്രട്ടറിക്ക് അയച്ച 29-12-2022 ലെ ഇബി - 3/വാടക - ജി.എസ്.റ്റി തുക/2022-23/344 നമ്പർ കത്തിൽ ജി.എസ്.ടി തുക കെ.എസ്.ഇ.ബി റിവേഴ്സ് ചാർജ്ജ് മെക്കാനിസം വഴി നേരിട്ട് അടവാക്കുന്നുണ്ടെന്നും ജി.എസ്.ടി ഒഴികെയുള്ള തുകയാണ് പഞ്ചായത്തിൽ അടവാക്കുന്നതെന്നും രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ മേൽ വാടകക്ക് ഉള്ള ജി.എസ്.ടി തുക എക്സിക്യൂട്ടീവ് എഞ്ചിനിയർ കെ.എസ്.ഇ.ബി പെരുമ്പാവൂർ അടവാക്കിയ യാതൊരു രേഖയും പരിശോധനക്ക് ലഭ്യമായില്ല. മേൽ കത്തിൽ സൂചിപ്പിച്ച പ്രകാരം ജി.എസ്.ടി അടവാക്കിയിട്ടുണ്ടെങ്കിൽ രേഖകൾ ലഭ്യമാക്കേണ്ടതാണെന്നും, അല്ലാത്ത പക്ഷം വിശദീകരണം ലഭ്യമാക്കേണ്ടതാണെന്നും സൂചിപ്പിച്ച് ഓഡിറ്റ് എൻക്വയറി (12/28-10-2023) നൽകിയെങ്കിലും മറുപടി ലഭ്യമായില്ല. മേൽ കടമുറികളുടെ വാടക ഇനത്തിൽ എക്സിക്യൂട്ടീവ് എഞ്ചിനിയർ കെ.എസ്.ഇ.ബി പെരുമ്പാവൂർ ജി.എസ്.ടി അടവാക്കിയ രേഖകൾ ലഭ്യമാക്കേണ്ടതാണ്. അടവാക്കിയില്ലെങ്കിൽ ആയത് ഈടാക്കി വിവരം രേഖകൾ സഹിതം അറിയിക്കേണ്ടതാണ്.

### 1-17 വാണിജ്യ കെട്ടിടങ്ങൾക്ക് തെറ്റായ ഉപയോഗക്രമം നൽകി വസ്തുനികുതി നിർണ്ണയിച്ച് ഈടാക്കുന്നു.

താഴെ ചേർത്ത കെട്ടിടങ്ങളുടെ തറവിസ്തീർണ്ണം സഞ്ചയ Form-6, Assessment Details എന്നിവ പ്രകാരം 100

ച.മീറ്ററിന് മുകളിലാണ്. എന്നാൽ 100 ച.മീറ്റർ വരെ തറ വിസ്തീർണ്ണം ഉള്ള ഹോട്ടൽ, റെസ്റ്റോറന്റുകൾ, ഷോപ്പുകൾ, ഗോഡൗൺ, എന്ന ഉപയോഗക്രമമാണ് ഈ കെട്ടിടത്തിന് നൽകിയിരിക്കുന്നത്. ഈ ഉപയോഗ ക്രമത്തിലുള്ള കെട്ടിടങ്ങൾക്ക് 50 രൂപ/ച.മീറ്ററും, വാണിജ്യാവശ്യത്തിനുള്ളവ 100 ച.മീറ്ററിന് മുകളിൽ തറ വിസ്തീർണ്ണം ഉള്ള ഹോട്ടൽ,റെസ്റ്റോറന്റുകൾ,ഷോപ്പുകൾ,ഗോഡൌൺ, എന്ന ഉപയോഗക്രമത്തിലുള്ള കെട്ടിടങ്ങൾക്ക് 60 രൂപ/ച.മീറ്ററുമാണ് വസ്തുനികുതി നിരക്കായി വേങ്ങൂർ ഗ്രാമപഞ്ചായത്ത് നിശ്ചയിച്ചിരിക്കുന്നത്. ആയതിനാൽ ഈ കെട്ടിടങ്ങൾക്ക് തെറ്റായ ഉപയോഗക്രമം നൽകിയത് മുഖേന താഴെ ചേർത്ത പ്രകാരം വസ്തുനികുതി നിർണ്ണയിച്ചതിൽ കുറവ് ഉണ്ടായിട്ടുണ്ട്.

| | കെട്ടിട നം | ഉടമയുടെ പേര് | തറ വിസ്തീർണ്ണം (ച.മീ) | 50 രൂപ/ച.മീറ്റർ പ്രകാരം ഈടാക്കിയ വസ്തുനികുതി | 60 രൂപ/ച.മീറ്റർ പ്രകാരം ഈടാക്കേണ്ട വസ്തുനികുതി | കുറവ് | നികുതി പ്രാബല്യത്തിൽ വന്ന വർഷം | 2022 രണ്ടാം അർദ്ധ വർഷം വരെ കുറവ് |
|---|---|---|---|---|---|---|---|---|
| 1 | 7/103/A | ഷിജോ പി.പി, പാറപ്പുറം, നെടുങ്ങപ്ര | 135 | 135 X 50 = 6750 - 675 (മേഖല 10% ഇളവ്) - 675 (മേൽക്കൂര 10% ഇളവ്) = 5400/- | 135 X 60 = 8100 - 810 -810 = 6480/- | 1080/- | 2015 ഒന്നാം അർദ്ധ വർഷം മുതൽ | 8640/- |
| 2 | 8/428/A | സദാനന്ദൻ കുട്ടപ്പൻ, നെടുമ്പുറം, വേങ്ങൂർ | 107.95 | 107.95 X 50 = 5397.5 + 1079.5 (വഴി സൗകര്യം 20% വർദ്ധനവ്) = 6477/- | 107.95 X 60 = 6477 + 1295.4 = 7773/- | 1296/- | 2014 ഒന്നാം അർദ്ധ വർഷം മുതൽ | 11664/- |
| 3 | 14/471/B | പൗലോസ് എൻ. കെ. മേസ്തി പൗലോസ്, നാരകത്തുകുടി, കൊമ്പനാട് | 101.05 | 101.05 X 50 = 5052.5 + 1010.5 (വഴി സൗകര്യം 20% വർദ്ധനവ്) = 6063/- | 101.5 X 60 = 6090 + 1218 = 7308/- | 1245/- | 2015 രണ്ടാം അർദ്ധ വർഷം മുതൽ | 9338/- |
| 4 | 14/471/C | പൗലോസ് എൻ. കെ മേസ്തി പൗലോസ്, നാരകത്തുകുടി, കൊമ്പനാട് | 211.21 | 211.21 X 50 = 10560.5 + 2112.1 (വഴി സൗകര്യം 20% വർദ്ധനവ്) = 12673/- | 211.21 X 60 = 12672.6 + 2534.52 = 15208/- | 2535/- | 2015 രണ്ടാം അർദ്ധ വർഷം മുതൽ | 19013/- |
| | | | | | | | | 48655/- |

അപാകത സൂചിപ്പിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (2/26-10-2023) ടി കെട്ടിട ഉടമകൾക്ക് കുറവ് വന്ന തുക ഈടാക്കുന്നതിനുള്ള നോട്ടീസ് നൽകി നടപടികൾ സ്വീകരിക്കുന്നതാണ് എന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. മേൽ കെട്ടിടങ്ങളുടെ വസ്തുനികുതി ശരിയായി നിർണ്ണയിച്ച് കുറവ് വന്ന തുക ഈടാക്കി വിവരം രേഖകൾ സഹിതം അറിയിക്കേണ്ടതാണ്.

## 1-18 മുൻകൂർ തുക നൽകിയെങ്കിലും നടീൽ വസ്തുക്കൾ ലഭ്യമായില്ല.

| | |
|---|---|
| പ്രൊജക്ട് നമ്പർ | S 0373/23 |
| പ്രൊജക്ടിന്റെ പേര് | കിഴങ്ങ് വർഗ്ഗ വികസനം-വനിത |
| അടങ്കൽ | ₹167500.00 (വികസന ഫണ്ട്-സാധാരണ വിഹിതം) |
| ചെലവ് | ₹167500.00 |
| ബിൽ നമ്പർ | 345/15.03.2023 |

കൃഷി ഓഫീസർ നടപ്പാക്കിയ കിഴങ്ങ് വർഗ്ഗ വികസനം എന്ന പദ്ധതിയിൽ ചേന, ചേമ്പ്, ഇഞ്ചി, മഞ്ഞൾ, കാച്ചിൽ എന്നിവയുടെ കിഴങ്ങ് കിറ്റുകൾ 335 എണ്ണം ലഭ്യമാക്കുന്നതിനായി 500/- രൂപ നിരക്കിൽ ആകെ 167500/- രൂപ വി

എഫ് പി സി കെ, എറണാകുളം, ജില്ലാ മാനേജർക്ക് കൈമാറിയിട്ടുണ്ട്. എന്നാൽ കിഴങ്ങുകൾ ലഭ്യമാക്കി വിതരണം നടത്തിയതായി കാണുന്നില്ല. പതിനാലാം പഞ്ചവത്സര പദ്ധതി മാർഗ്ഗരേഖ സ.ഉ (കൈ) നം.115/2022/തസ്വഭവ തീയതി 28.05.2022, ഖണ്ഡിക 2.12 പ്രകാരം പ്രത്യേകം അനുവദിക്കപ്പെട്ട ഇനങ്ങളിലൊഴികെ സബ്സിഡി അഡ്വാൻസായി നൽകാവുന്നതല്ല. എന്നാൽ ഈ പദ്ധതിയിൽ വിത്തുകൾ ലഭ്യമാക്കുന്നതിന് മുൻപ് തന്നെ വി എഫ് പി സി കെ-യ്ക്ക് തുക കൈമാറിയിട്ടുണ്ട്. കിഴങ്ങുകൾ ലഭ്യമാക്കി വിതരണം നടത്താത്തതിനും, മാർഗ്ഗരേഖയ്ക്ക് വിരുദ്ധമായി മുൻകൂർ തുക നൽകിയതിനും വിശദീകരണം ആവശ്യപ്പെട്ട് 28.10.2023 ൽ 8ാം നമ്പർ ഓഡിറ്റ് എൻക്വയറി നൽകിയിരുന്നു. 08.03.2023 ൽ അംഗീകാരം ലഭിച്ച പദ്ധതിയുടെ ഫണ്ട് നഷ്ടപ്പെട്ട് പോകാതിരിക്കാനാണ് സർക്കാർ സ്ഥാപനമായ വി എഫ് പി സി കെ-യ്ക്ക് മുൻകൂർ തുക നൽകിയതെന്നും, കുംഭമാസത്തിലാണ് ഇവ നടേണ്ടതെന്നതിനാൽ ഗുണമേന്മയുള്ള വിത്തുകൾ ലഭ്യമാക്കുന്നതിന് വേണ്ടിയാണ് കാലതാമസം വന്നതെന്നുമാണ് മറുപടിയിൽ വിശദീകരിച്ചിട്ടുള്ളത്. എന്നാൽ സർക്കാർ ഉത്തരവിൽ ഈ സ്ഥാപനത്തിന് മുൻകൂർ തുക നൽകുന്നതിന് അനുമതി ഇല്ലാത്തതിനാലും നടീൽ വസ്തുക്കൾ ലഭ്യമാക്കി നാളിതുവരെ വിതരണം നടത്തിയിട്ടില്ലാത്തതിനാലും ഈയിനത്തിലെ 167500/- രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

1-19 കരാർ നിയമനം നടത്തി വേതനം നൽകി

| | |
|---|---|
| പ്രൊജക്റ്റ് നമ്പർ | S 0276/23 |
| പ്രൊജക്റ്റിന്റെ പേര് | കൃഷി ഭവന്റെ ഓഫീസ് ചെലവുകൾ |
| ചെലവ് | ₹40680.00 |
| ബിൽ നമ്പർ | 235/28.01.2023 തുക 14725/-<br>364/17.03.2023 തുക 18955/-<br>415/24.03.2023 തുക 7000/- |

കൃഷി ഭവന്റെ ഓഫീസ് ചെലവുകൾക്കായി ഈ പ്രൊജക്റ്റിൽ ആകെ 40680/- രൂപ ചെലവഴിച്ചിട്ടുണ്ട്. പതിനാലാം പഞ്ചവത്സര പദ്ധതി മാർഗ്ഗരേഖ സ.ഉ (കൈ) നം.115/2022/തസ്വഭവ തീയതി 28.05.2022, ഖണ്ഡിക 8.6 പ്രകാരം സർക്കാരിന്റെ പ്രത്യേക അനുമതി കൂടാതെ ശമ്പളമോ ഓണറേറിയമോ നൽകാൻ പാടില്ല. എന്നാൽ ഈ പ്രൊജക്റ്റിൽ ഡാറ്റാ എൻട്രി ഓപ്പറേറ്ററെ നിയമിച്ച് 5000/- രൂപ വേതനം നൽകി. മാർഗ്ഗരേഖയ്ക്ക് വിരുദ്ധമായി മെയിന്റനൻസ് ഗ്രാന്റ്-നോൺ റോഡ് ഫണ്ടിൽ നിന്ന് തുക ചെലവഴിച്ച് പ്രൊജക്റ്റ് നടപ്പാക്കിയതിന് വിശദീകരണം ആവശ്യപ്പെട്ട് 28.10.2023ൽ 10ാം നമ്പർ ഓഡിറ്റ് എൻക്വയറി നൽകിയിരുന്നു. അസിസ്റ്റന്റ് അഗ്രിക്കൾച്ചറൽ ഓഫീസർ സ്ഥലം മാറി പോവുകയും പകരം ജീവനക്കാർ ഇല്ലാതെ വന്ന സാഹചര്യത്തിൽ പഞ്ചായത്ത് ഭരണ സമിതിയുടെ അനുമതിയോടെയാണ് പ്രൊജക്റ്റുകൾ നടപ്പാക്കുന്ന ആവശ്യത്തിലേക്ക് ഡാറ്റാ എൻട്രി ഓപ്പറേറ്റർ തസ്തികയിൽ നിയമനം നടത്തിയതെന്നാണ് മറുപടിയിൽ നിർവ്വഹണോദ്യോഗസ്ഥൻ വിശദീകരിച്ചിട്ടുള്ളത്. എന്നാൽ സർക്കാർ ഉത്തരവിൽ സർക്കാരിന്റെ അനുമതി കൂടാതെ നിയമനം നടത്തരുതെന്ന് നിർദ്ദേശം ഉള്ളതിനാൽ മെയിന്റനൻസ് ഗ്രാന്റിൽ നിന്ന് ₹5000/- വേതനം നൽകിയതിന്റെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

1-20 ആസ്തി സംരക്ഷണം കാര്യക്ഷമമാക്കേണ്ടതാണ്.

പഞ്ചായത്തിലെ ക്രാരിയേലി തോട് അതിർത്തി നിർണ്ണയവുമായി ബന്ധപ്പെട്ട് വരുന്ന ചെലവുകൾക്കായി 15.02.2023 -ലെ വൗച്ചർ നമ്പർ 22200908 പ്രകാരം 32980/- രൂപ ട്രഷറിയിൽ അടവാക്കിയിട്ടുണ്ട്. പഞ്ചായത്തിലെ കൊമ്പനാട് വില്ലേജ് വാർഡ് 14-ൽ ശ്രീ എൻ കെ കുര്യാക്കോസ്, നാരകത്തുകുടി, ക്രാരിയേലി എന്നയാൾ ക്രാരിയേലി തോട് ടിയാന്റെ ഉടമസ്ഥതയിലുള്ള സർവേ നമ്പർ 144/1, 144/2 എന്നീ സ്ഥലങ്ങളോട് ചേർന്ന് കയ്യേറി തോടിന്റെ ഉൾഭാഗത്ത് കോൺക്രീറ്റ് ചെയ്ത് സ്വാഭാവിക നീരൊഴുക്ക് തടസ്സപ്പെടുത്തുന്ന രീതിയിൽ നിർമ്മാണ പ്രവൃത്തി ചെയ്തതായി പരാതി ലഭിച്ചിരുന്നു. വിഷയത്തിൽ ഫയൽ ചെയ്യപ്പെട്ട WP(C) No.12446 Of 2021-ന്റെ 09.09.2021-ലെ വിധിയിൽ തോടിന്റെ അതിർത്തി അളന്ന് തിട്ടപ്പെടുത്തുന്നതിനും തോട് കൈയ്യേറിയിട്ടുണ്ടെങ്കിൽ ഒഴിപ്പിക്കുന്നതിനും ബഹു.ഹൈക്കോടതി നിർദ്ദേശിച്ചിരുന്നു. 8 മാസമെന്ന സമയ പരിധി 09.05.2022 ൽ അവസാനിച്ചതിനെത്തുടർന്ന് വീണ്ടും സമയപരിധി നീട്ടി നൽകണമെന്ന പഞ്ചായത്തിന്റെ അപേക്ഷയെത്തുടർന്ന് 31.05.2022 ൽ നാല് മാസം കൂടി കോടതി സമയം നീട്ടി നൽകിയിരുന്നു. തഹസീൽദാർ (ഭൂരേഖ)-യുടെ 02.08.2023 ലെ സി4-6082/21 നമ്പർ കത്ത് മുഖേന ഭൂമി അളന്ന് തിരിച്ച് സർവ്വേ സ്കെച്ച് ലഭ്യമാക്കിയിട്ടുണ്ട്. സ്കെച്ചിൽ കൈയ്യേറ്റം ഉള്ളതായി രേഖപ്പെടുത്തിയിട്ടുണ്ട്. കൈയ്യേറ്റം ഒഴിപ്പിക്കാത്തതിനെത്തുടർന്ന് പഞ്ചായത്ത് സെക്രട്ടറി 1ാംഎതിർകക്ഷിയായി Con.Case(C)No. 1376 Of 2023 നമ്പർ കോടതിയലക്ഷ്യ ഹർജി ഫയൽ ചെയ്യപ്പെട്ടിട്ടുള്ളതായി കാണുന്നു.

കോടതിയലക്ഷ്യ ഹർജിയിൻമേൽ എന്തെങ്കിലും തുടർനടപടികൾ കോടതി സ്വീകരിച്ചിട്ടുണ്ടോയെന്ന് ഫയലിൽ നിന്ന് വ്യക്തമല്ല. 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 218 പ്രകാരം ടി തോട് പഞ്ചായത്തിന്റെ ആസ്തി ആയതിനാൽ, കൈയ്യേറ്റം ഒഴിപ്പിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ വിശദാംശങ്ങൾ ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണെന്നാവശ്യപ്പെട്ട് 28.10.2023 ൽ 7ാം നമ്പർ ഓഡിറ്റ് എൻക്വയറി നൽകിയിരുന്നു. ഓഡിറ്റ് എൻക്വയറിക്ക് ലഭ്യമാക്കിയ മറുപടിയിൽ ലഭ്യമായ സർവ്വേ സ്കെച്ചിൽ ഭൂമി സർവ്വേ കല്ലുകൾ ഇട്ട് കയ്യേറ്റം വ്യക്തമാകുന്ന വിധം തിരിച്ചിട്ടില്ലായെന്നും ആയതിനുള്ള നടപടികൾ സ്വീകരിക്കുന്നതിന് കുന്നത്ത്നാട് തഹസിൽദാർക്ക് കത്ത് അയച്ചിട്ടുണ്ടെന്നും അറിയിച്ചു. ഭൂമി സർവ്വേ കല്ലുകൾ ഇട്ട് കൈയ്യേറ്റം വ്യക്തമാക്കി തിരിക്കുന്ന മുറയ്ക്ക് കൈയ്യേറ്റം ഒഴിപ്പിക്കുന്നതിന് നടപടികൾ സ്വീകരിക്കുന്നതാണെന്നും വിശദീകരിച്ചിട്ടുണ്ട്. 2021 ൽ കൈയ്യേറ്റം റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടും ഒഴിപ്പിച്ചിട്ടില്ലായെന്നത് ഗൗരവപൂർണ്ണം കാണേണ്ടതും പഞ്ചായത്തിന്റെ ആസ്തികളുടെ സംരക്ഷണം ഉറപ്പുവരുത്തുന്നതിന് തുടർനടപടികൾ സ്വീകരിച്ച് ഓഡിറ്റിൽ അറിയിക്കേണ്ടതുമാണ്.

## 1-21 ഓണം അഡ്വാൻസ് ക്രമീകരിക്കാൻ അവശേഷിക്കുന്നു.

ഓണം അഡ്വാൻസ് ഇനത്തിൽ അനുവദിച്ച തുകയിൽ മുന്നിരിപ്പ് 9000/- രൂപ ഉൾപ്പെടെ ആകെ 25000/- രൂപ തിരികെ ഈടാക്കി ക്രമീകരിക്കാൻ അവശേഷിക്കുന്നതായി ബാലൻസ് ഷീറ്റിൽ 460100101 ശീർഷകത്തിൽ രേഖപ്പെടുത്തിയിട്ടുണ്ട്. ഈ തുക ഏത് ജീവനക്കാരുടേതാണെന്ന വിശദാംശം ലഭ്യമാക്കേണ്ടതും നാളിതുവരെ മുൻകൂർ ക്രമീകരിക്കാത്തതിന് വിശദീകരണം ലഭ്യമാക്കേണ്ടതുമാണെന്നാവശ്യപ്പെട്ട് 28.10.2023 ൽ 11ാം നമ്പർ ഓഡിറ്റ് എൻക്വയറി നൽകിയതിന് മറുപടി ലഭ്യമാക്കിയില്ല. ഓണം അഡ്വാൻസ് ക്രമീകരിച്ച് രേഖകൾ ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്.

## 1-22 ലൈഫ് ഭവനപദ്ധതി - പൂർത്തീകരിച്ചിട്ടില്ല - തുടർ നടപടി സ്വീകരിക്കണം

ഗ്രാമപഞ്ചായത്ത് വിവിധ വർഷങ്ങളിൽ നടപ്പാക്കിയ ലൈഫ് ഭവനപദ്ധതിയിൽ ആദ്യ ഗഡു തുകകൾ കൈപ്പറ്റിയ പലരും തുടർ നിർമ്മാണങ്ങൾ നടത്തിയിട്ടില്ലാത്തതായി കാണുന്നു.

പ്രൊജക്റ്റ് നിർവ്വഹണത്തിലെ അപാകതകൾ

1. ആദ്യ ഗഡു തുകകൾ മാത്രം വാങ്ങിയ ഗുണഭോക്താക്കളുടെ വിവരം.

ഗ്രാമപഞ്ചായത്തിൽ ലൈഫ് ഭവനപദ്ധതിയുടെ ആദ്യ ഒന്നോ രണ്ടോ ഗഡുക്കൾ മാത്രം വാങ്ങിയ ഗുണഭോക്താക്കളുടെ വിവരം താഴെ ചേർക്കുന്നു.

| ക്രമ നം | ഗുണഭോക്താവ് | എഗ്രിമെന്റ് തീയതി | സ്റ്റേജ് | നൽകിയ തുക |
|---|---|---|---|---|
| 1 | അശ്വതി, കാവുംകുടി | 19/08/20 | ബേസ് മെന്റ് | 200000 |
| 2 | ബിന്ദുമോൾ പി ജി, മധുമല | 19/08/20 | അഡ്വാൻസ് | 40000 |
| 3 | ത്രേസ്യ സൈമൽ ജസ്റ്റിൻ, പുതിയേടത്ത് | 30/07/21 | ലിന്റൽ | 200000 |
| 4 | സൗമ്യ ജോൺ, പൈപ്പിള്ളി | 8/7/21 | ബേസ് മെന്റ് | 200000 |
| 5 | നിഷ ഷാജി, നീരേലിപ്പാടം | 8/3/22 | അഡ്വാൻസ് | 40000 |
| 6 | മധു പി എ, പതിപ്പറമ്പിൽ | 25/11/22 | അഡ്വാൻസ് | 40000 |

2. തുക തിരികെ ഈടാക്കാൻ പഞ്ചായത്ത് കമ്മറ്റി തീരുമാനിച്ച ഗുണഭോക്താക്കളുടെ വിവരം.

ഗ്രാമപഞ്ചായത്തിൽ ലൈഫ് ഭവനപദ്ധതിയുടെ ആദ്യ ഒന്നോ രണ്ടോ ഗഡുക്കൾ മാത്രം വാങ്ങി തുടർ നിർമ്മാണങ്ങൾ നടത്താത്ത താഴെ പറയുന്ന അപേക്ഷകരിൽ നിന്ന് തുക തിരികെ ഈടാക്കാൻ ഗ്രാമ പഞ്ചായത്ത് കമ്മറ്റി തീരുമാനമെടുത്തിട്ടുണ്ട്. വിശദ വിവരം താഴെ ചേർക്കുന്നു.

| ക്രമ നം | ഗുണഭോക്താവ് | എഗ്രിമെന്റ് തീയതി | നൽകിയ തുക | കമ്മറ്റി തീരുമാനം | കാരണം |
|---|---|---|---|---|---|
| 1 | രാധാമണി യശോധരൻ, | 6.11.20 | 130000 (4.3.21, 27.5.22 | 1/29..8.22 | നിർവ്വഹണ ഉദ്യോഗസ്ഥയെ |

| | | | | | |
|---|---|---|---|---|---|
| | പാറയിൽ വീട്. | | തീയതികളിൽ ഓൺലൈൻ ട്രാൻസ്ഫർ) | | തെറ്റിദ്ധരിപ്പിച്ച് തുക നൽകി |
| 2 | സ്വാതി കൃഷ്ണ, പീടിക്കറി വീട് | 31.1.20 | 300000 (29.2.20,27.10.21,24.12.21 തീയതികളിൽ ഓൺലൈൻ ട്രാൻസ്ഫർ) | 2/29.8.22 | - |

അപാകതകൾ സംബന്ധിച്ച് ഓഡിറ്റ് എൻക്വയറി (നം 6/26.10.2023) നൽകി. ആയതിന് 30.10.2023 ന് മറുപടി ലഭ്യമാക്കി. മറുപടിയിൽ അനുവദിച്ച തുക തിരികെ ഈടാക്കുന്നതിനും നിർമ്മാണം പൂർത്തിയാക്കുന്നതിനും സ്വീകരിച്ച നടപടികളുടെ വിവരം ലഭ്യമാക്കി. പണി പൂർത്തിയാക്കാത്ത ഗുണഭോക്താക്കളുടെ യോഗം പഞ്ചായത്ത് ഹാളിൽ 16.01.2023 ന് കൂടിയതായും ഓരോ ഗുണഭോക്താവിന്റേയും പ്രശ്നങ്ങൾ മനസ്സിലാക്കി തുടർനടപടികൾ സ്വീകരിക്കുന്നതിന് തീരുമാനിച്ചിട്ടുള്ളതായും അറിയിച്ചു.

ഓഡിറ്റ് നിർദ്ദേശം

ഭവന നിർമ്മാണം പൂർത്തിയാക്കാത്ത ഗുണഭോക്താക്കൾ നിർമ്മാണം പൂർത്തിയാക്കുന്നതിനോ അല്ലാത്ത പക്ഷം തുക തിരികെ ഈടാക്കി അടവാക്കുന്നതിനോ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-23 ഉപയോഗ ശൂന്യമായ പൊതു ടാപ്പുകൾ ഒഴിവാക്കൽ -പ്രൊജക്റ്റ് നടപ്പാക്കിയതിന്റെ വിശദാംശങ്ങളില്ല.

| | |
|---|---|
| പ്രോജക്റ്റ് നമ്പർ | 369/23 |
| പ്രൊജക്റ്റ് | ഉപയോഗശൂന്യമായ പൊതു ടാപ്പുകൾ ഒഴിവാക്കൽ. |
| അടങ്കൽ | 270000/- |
| ചെലവ് | 270000/- |
| ബിൽ നം. | 2212075207940143387O/22.3.23 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |

പഞ്ചായത്ത് തീരുമാനപ്രകാരം ഉപയോഗ ശൂന്യമായ മുഴുവൻ ടാപ്പുകളും ഒഴിവാക്കുന്ന പ്രൊജക്റ്റ് പ്രകാരം 2,70,000/-രൂപ കേരള വാട്ടർ അതോറിറ്റിക്ക് അടവാക്കിയിട്ടുണ്ട്. എന്നാൽ നാളിതുവരെ പ്രവൃത്തി പൂർത്തിയാക്കിയതിന്റെ വിശദാംശങ്ങൾ ലഭ്യമായിട്ടില്ല. വെള്ളക്കരം പഞ്ചായത്ത് നിലവിലും അടച്ച് കൊണ്ടിരിക്കുന്നുണ്ട്. കെ.ഡബ്ല്യു.എ-യുമായി കരാർ ചമച്ചതായി കാണുന്നില്ല. പദ്ധതി പൂർത്തിയാകാത്തതിനാൽ പഞ്ചായത്തിന് വലിയ തുക ആവർത്തന ചിലവിനത്തിൽ വന്നുകൊണ്ടിരിക്കുന്നുണ്ട്. മേൽപ്പറഞ്ഞ വിഷയത്തിൽ മറുപടി ലഭ്യമാക്കുന്നതിനായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.18/30.10.2023) മറുപടി ലഭ്യമാക്കിയിട്ടില്ല. മേൽ പരാമർശങ്ങൾക്ക് മറുപടി ലഭ്യമാക്കേണ്ടതാണ്. മറുപടിയുടെ അഭാവത്തിൽ 2,70,000/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-24 കുടിവെള്ള,വൈദ്യുതീകരണ പദ്ധതിയുടെ വിനിയോഗ വിവരങ്ങൾ ലഭ്യമാക്കിയിട്ടില്ല.

താഴെ ചേർത്ത തുക വാർഡ് 6 -ലെ കൊള്ളിമറ്റം എസ്.സി കുടിവെള്ള വൈദ്യുതീകരണ പദ്ധതികൾക്കായി കെ.എസ്.ഇ.ബി യുടെ അക്കൗണ്ടിലേക്ക് പഞ്ചായത്തിൽ നിന്നും ഡെപ്പോസിറ്റ് ചെയ്തിട്ടുണ്ട്. എന്നാൽ ആയതിന്റെ വിനിയോഗ വിവരം ലഭ്യമാക്കിയിട്ടില്ല. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| | |
|---|---|
| പദ്ധതി നം | 53/23 |
| പദ്ധതിയുടെ വിശദാംശങ്ങൾ/ | കൊള്ളിമറ്റം എസ്.സി കുടിവെള്ള വൈദ്യുതീകരണ പദ്ധതി |
| അടങ്കൽ | 200000/- |
| ചെലവ് | 162793/- |
| വൗച്ചർ നം, തിയ്യതി | XVFC/22-23/P/55. 30.09.22 |
| നിർവ്വഹണം | സെക്രട്ടറി. |

വിനിയോഗ വിവരങ്ങളുടെ അഭാവത്തിൽ 1,62,793/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. പ്രവൃത്തി പൂർത്തീകരിക്കുന്ന മുറയ്ക്ക് വിനിയോഗ വിവരം ലഭ്യമാക്കേണ്ടതാണ്.

1-25 കുമ്പളം തോട് റോഡ് കോൺഗ്രീറ്റ് നിർവ്വഹണം – പൂർത്തീകരണ വിവരങ്ങൾ ലഭ്യമായിട്ടില്ല.

പ്രോജക്ട് നമ്പർ : 44/23
പ്രോജക്ടിന്റെ പേര് : കുമ്പളം തോട് റോഡ് കോൺഗ്രീറ്റ്
അടങ്കൽ : 274000/-.(ധ.ക.ഗ്രാന്റ്)
നിർവ്വഹണോദ്യോഗസ്ഥൻ : സെക്രട്ടറി

ചെലവ് : 2,74,000/-.
വൗച്ചർ നം. XVFC/2022-23/P/91, 12.01.2023

മേൽ പ്രോജക്ട് നിർവഹണത്തിനായി ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ മലയാറ്റൂർ എഫ്.ഡി.എ കോടനാട് എന്നിവരുടെ പേരിൽ 2,74,000/- ധനകാര്യ കമ്മീഷൻ ഗ്രാൻഡ് തുക ഡെപ്പൊസിറ്റ് ചെയ്യുകയുണ്ടായി. എന്നാൽ പ്രസ്തുത പ്രവൃത്തിയുടെ നിലവിലെ സ്ഥിതി, വിശദാംശങ്ങൾ എന്നിവ ലഭ്യമായിട്ടില്ല. ആയത് ലഭ്യമായിട്ടുണ്ടെങ്കിൽ അറിയിക്കേണ്ടതാണ്.

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം22/30.10.2023) മറുപടി ലഭ്യമാക്കിയിട്ടില്ല. മേൽ പരാമർശങ്ങൾക്ക് മറുപടി ലഭ്യമാക്കേണ്ടതാണ്. മറുപടിയുടെ അഭാവത്തിൽ 2,74,000/-. രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

1-26 ഹോമിയോ ഡിസ്പെൻസറിയിലേയ്ക്ക് മരുന്നുവാങ്ങൽ പദ്ധതി പൂർത്തിയായിട്ടില്ല.

| | |
|---|---|
| പ്രോജക്ടിന്റെ പേര് | ഹോമിയോ ഡിസ്പെൻസറിയിലേയ്ക്ക് മരുന്ന വാങ്ങൽ |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി. |
| പ്രോജക്ടിന്റെ നം | 159/23 |
| അടങ്കൽ തുക / ഫണ്ട് | 300,000/- രൂപ, മെയിന്റനൻസ് ഗ്രാന്റ് (റോഡിതരം) |
| ചെലവ് തുക/ബിൽ നം,തിയതി | 300,000/-രൂപ., 221207520794011849/തീയതി 30.01.2023. |

2022-23 വർഷം ഗവ.ഹോമിയോ ഡിസ്പെൻസറിയിലേക്ക് മരുന്ന വാങ്ങൽ പ്രൊജക്ടിനായി ഹോംകോയിലേക്ക് അടവാക്കിയ 3,00,000/-രൂപയുടെ മരുന്നുകൾ മുഴുവനായി ലഭ്യമായിട്ടില്ല. ഇൻവോയിസ് നം. LF 1329/12.09.2023 പ്രകാരം 1,04,570/- രൂപയുടെ മരുന്നുകളുടെ രേഖകളാണ് പരിശോധനക്കായി ലഭ്യമാക്കിയത്. ശേഷിക്കുന്ന 1,95,430/- രൂപയുടെ മരുന്നുകൾ ലഭ്യമാകുന്നമുറക്ക് രേഖകൾ സഹിതം അറിയിക്കേണ്ടതാണ്. മരുന്നുകൾ ലഭ്യമാകുന്നതുവരെ 195430/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

1-27 എസ് സി വിദ്യാർത്ഥികൾക്ക് ലാപ്ടോപ്പ് - പ്രൊജക്ട് പൂർത്തീകരിച്ചിട്ടില്ല.

പ്രൊജക്റ്റ് നം. 231/23

പ്രൊജക്റ്റ് : എസ് സി വിദ്യാർത്ഥികൾക്ക് ലാപ്ടോപ്പ്.

അടങ്കൽ : 200000/-

ചെലവ് : 149096/-

ബിൽ നം, തീയതി. : 221207520070015267 65/28.03.2023

നിർവ്വഹണ ഉദ്യോഗസ്ഥൻ : ഹെഡ്മിസ്ട്രസ്സ്, ഗവ. യു.പി സ്കൂൾ.

എസ് സി വിദ്യാർത്ഥികൾക്കായി ലാപ്ടോപ്പ് വാങ്ങുന്ന പ്രൊജക്റ്റ് നടപ്പിലാക്കുന്നതിനായി ഗവർമെന്റ് യുപി സ്കൂളിലെ എച്ച്.എം - നെ നിർവ്വഹണ ഉദ്യോഗസ്ഥനായി ചുമതല നൽകി പഞ്ചായത്ത് കമ്മിറ്റി തീരുമാനിച്ചു. വിദ്യാർത്ഥികൾക്ക് ലാപ്ടോപ്പ് കെൽട്രോണിൽ നിന്നും വാങ്ങി വിതരണം ചെയ്യുന്നതിനായി തീരുമാനിച്ചു. കെൽട്രോണിലേക്ക് ഒരു കമ്പ്യൂട്ടറിന് 37,274/- രൂപ നിരക്കിൽ നാല് കമ്പ്യൂട്ടറുകൾ വാങ്ങുന്നതിനായി മേൽ

കാണിച്ചപ്രകാരം തുക മുൻകൂറായി നൽകുകയുണ്ടായി. എന്നാൽ ലാപ്ടോപ്പിന്റെ അസ്സൽ ഇൻവോയ്സും, അവ ലഭിച്ചതിന്റെയും വിതരണം ചെയ്തതിന്റെയും രേഖകൾ ഫയലിൽ ലഭ്യമല്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.26/30.10.2023) മറുപടി ലഭ്യമാക്കിയിട്ടില്ല. മേൽ പരാമർശങ്ങൾക്ക് മറുപടി ലഭ്യമാക്കേണ്ടതാണ്. മറുപടിയുടെ അഭാവത്തിൽ 1,49,096/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-28 ലാപ്ടോപ്പ് വാങ്ങൽ ചെലവിന്റെ രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല

2022-23 വർഷം ചെലവ് വന്നിട്ടുള്ള താഴെ കാണിച്ച രണ്ടു പ്രോജക്ടുകളുടെ ചെലവിന്റെ രേഖകൾ ഓഡിറ്റ് പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

നിർവ്വഹണോദ്യോഗസ്ഥൻ: ഹെഡ്മിസ്ട്രസ്സ്,ഗവ.യു.പി.എസ്

പ്രോജക്ട് നമ്പർ:58/23(SO)

പ്രോജക്ടിന്റെ പേര് : എസ്.സി വിദ്യാർത്ഥികൾക്ക് ലാപ്ടോപ്പ്.

പ്രോജക്ട് നമ്പർ:59/23(SO)

പ്രോജക്ടിന്റെ പേര് : വിദ്യാർത്ഥികൾക്ക് ലാപ്ടോപ്പ്

ചെലവ് :58/23(SO) 303160/-; 59/23(SO) 75790/-

മേൽ പറഞ്ഞ പ്രോജക്ടുകളുടെ ചെലവ് രേഖകൾ ലഭ്യമാക്കുന്നതിനായി നിലവിലെ എച്ച് എം ശ്രീമതി സുജാത. പി.വി എന്നവർക്ക് ഓഡിറ്റ് റിക്വിസിഷൻ (നം. 1/2022-23, 27.10.2023) നൽകിയിരുന്നു. ആയതിന് ലഭ്യമാക്കിയ 28.10.2023- ലെ മറുപടിയിൽ രണ്ടു പ്രൊജക്ടുകളും ശ്രീമതി സരള കെ യു ഹെഡ്മിസ്ട്രസ് ആണ് പ്രൊജക്ട് നടപ്പിലാക്കിയതെന്നും ഫയലുകൾ ഇപ്പോഴത്തെ ഹെഡ്മിസ്ട്രസ്സിന് കൈമാറിയിട്ടില്ല എന്നും അറിയിച്ചിരുന്നു. ആയതിനാൽ അടിയന്തരമായി ഫയലുകൾ ലഭ്യമാക്കുവാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്. കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 8 പ്രകാരമുള്ള റിക്വിസിഷൻ ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു. ചെലവ് രേഖകളുടെ അഭാവത്തിൽ 3,78,950/- (303160+75790) രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-29 പൊതുടാപ്പുകളുടെ വാട്ടർ ചാർജ് കുടിശ്ശിക തീർപ്പാക്കാത്തത് സംബന്ധിച്ച്.

പഞ്ചായത്തിലെ 158 പൊതുടാപ്പുകൾക്ക് വാട്ടർ ചാർജ് വാട്ടർ അതോറിറ്റിയിൽ അടവാക്കി വരുന്നുണ്ട്. വാട്ടർ അതോറിറ്റിയുടെ 3/2023 ലെ ഡിമാന്റ് നോട്ടീസ് പ്രകാരം കുടിശ്ശിക ഇനത്തിൽ അടയ്ക്കാനുള്ള തുകയായി രേഖപ്പെടുത്തിയിട്ടുള്ളത് ₹60467661/- രൂപയാണ്. ഇതിന് പുറമെ പിഴതുക ₹191694/- രൂപയാണ്. കുടിശ്ശിക ഇനത്തിൽ അടയ്ക്കാനുള്ള തുക അടവാക്കിയിട്ടില്ലാത്തതിനാൽ ഓരോ മാസവും കുടിശ്ശിക വർദ്ധിച്ചുകൊണ്ടേയിരിക്കുകയാണ്. പ്രസ്തുത കുടിശ്ശിക ഏതു കാലയളവുകളിലായി വന്നിരിക്കുന്ന തുകയാണെന്നും, യഥാർത്ഥത്തിൽ ഇത്രയും തുക അടവാക്കാനുണ്ടോയെന്നും നേരത്തെ പഞ്ചായത്ത്
അടവാക്കിയത് കൂടി ഉൾപ്പെട്ടിട്ടുണ്ടോയെന്നും പഞ്ചായത്ത് രേഖകൾ പ്രകാരം പരിശോധിക്കേണ്ടതാണ്. വാട്ടർ അതോറിറ്റിയോട് ഈ വിവരങ്ങൾ ആരായേണ്ടതും സോഴ്സ് ഡിഡക്ഷനിലൂടെ വാട്ടർ അതോറിറ്റിയ്ക്ക് തുക നൽകുന്നുവെങ്കിൽ കുടിശ്ശികയിൽ തട്ടിക്കിഴിക്കുന്നുണ്ടോ എന്നും വ്യക്തത വരുത്തേണ്ടതുമാണ്. ഇതിനായി ഗ്രാമപഞ്ചായത്ത് നടപടികൾ സ്വീകരിച്ചിട്ടുണ്ടെങ്കിൽ ആ വിവരവും അറിയിക്കേണ്ടതാണ്. വാട്ടർ അതോറിറ്റിയിൽ നിലവിലുള്ള ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി പ്രകാരം കുടിവെള്ളക്കരം കുറയ്ക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോയെന്നും വ്യക്തമല്ല.

മേൽ പരാമർശങ്ങൾക്ക് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.19/30.10.2023) മറുപടി ലഭ്യമാക്കിയിട്ടില്ല. മേൽ പരാമർശങ്ങൾക്ക് മറുപടി ലഭ്യമാക്കാത്തപക്ഷം തുടർ വർഷങ്ങളിൽ പഞ്ചായത്തിന് വരുന്ന ആവർത്തന നഷ്ടത്തിന് ബന്ധപ്പെടവർ ബാദ്ധ്യസ്ഥരായിരിക്കുന്നതാണ്.

## 1-30 സ്ട്രീറ്റ് ലൈൻ നീട്ടൽ പദ്ധതിയുടെ വിനിയോഗ വിവരങ്ങൾ സംബന്ധിച്ച്

താഴെ പറയുന്ന ധനകാര്യ ഗ്രാന്റ് ഇനത്തിൽ ലഭിച്ച തുകകൾ കെ.എസ്.ഇ.ബി യുടെ അക്കൗണ്ടിലേക്ക് പഞ്ചായത്തിൽ നിന്നും നൽകിയിട്ടുണ്ട്. എന്നാൽ ആയതിന്റെ വിനിയോഗ വിവരം ലഭ്യമാക്കിയിട്ടില്ല. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

നിർവ്വഹണം : സെക്രട്ടറി.

| ക്രമ നം | പദ്ധതി നം | പദ്ധതിയുടെ വിശദാംശങ്ങൾ/ | വിനിയോഗവിവരം ലഭിക്കാനുള്ള തുക | അടങ്കൽ | ചെലവ് | വൗച്ചർ നം/തീയതി |
|---|---|---|---|---|---|---|

| | | | | | | |
|---|---|---|---|---|---|---|
| 1 | 38/23 | തെരുവ് വിളക്ക് ലൈൻ നീട്ടൽ. (Ward-3.) | 336300/- | 340000/- | 336300/- | XYFC/2022-23 /P/68, 19.11.22 |
| 2 | 39/23 | തെരുവ് വിളക്ക് ലൈൻ നീട്ടൽ. (Ward-10.) | 71980/- | 84000/- | 71980/- | XYFC/2022-23 /P/69, 19.11.22 |
| 3 | 162/23 | തെരുവ് വിളക്ക് ലൈൻ നീട്ടൽ. (Ward-5.) | 358366/- | 400000/- | 358366/- | XYFC/2022-23 /P/88, 08.12.22 |
| | | ആകെ | 766646/- | | | |

പ്രവൃത്തി പൂർത്തീകരിച്ചതിന്റെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കുന്നത് വരെ ചെലവ് തുക 7,66,646/- തടസ്സപ്പെടുത്തുന്നു.

1-31 കൃഷി ഓഫീസിന് മുകളിൽ സോളാർ പവർ പാനൽ സ്ഥാപിക്കൽ – ഓൺ ഗ്രിഡ് - പൂർത്തീകരണ വിവരങ്ങൾ ലഭ്യമല്ല.

| | |
|---|---|
| പ്രോജക്ട് നം | 119/23. |
| അടങ്കൽ | 792000/- |
| ചെലവ് | 792000/- |
| ഫണ്ടിനം | 365040/-പ്ലാൻഫണ്ട് 426960/- മെയിന്റെനൻസ്-നോൺറോഡ് |
| ബിൽ/ട്രഷറി റഫറൻസ് നം/തിയ്യതി | RBI2932299649386/20.10.22 (426960/-) RBI2932299649384/20.10.22(365040/-) |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |

കൃഷി ഓഫീസിന് മുകളിൽ സോളാർ പാനൽ സ്ഥാപിക്കൽ എന്ന പ്രൊജക്ട് നിർവ്വഹണത്തിനായി അനർട്ടിനാണ് തുക നൽകിയിട്ടുള്ളത്. നൽകിയ തുക സംബന്ധിച്ച ചെലവ് വിവരങ്ങൾ, പദ്ധതി പൂർത്തീകരിച്ചതിന്റെ വിനിയോഗ വിവരങ്ങൾ എന്നിവ ലഭ്യമാക്കിയിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.18/30.10.2023) മറുപടി ലഭ്യമാക്കിയിട്ടില്ല. മേൽ പരാമർശങ്ങൾക്ക് മറുപടി ലഭ്യമാക്കേണ്ടതാണ്. മറുപടിയുടെ അഭാവത്തിൽ 7,92,000/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. വിനിയോഗവിവരം ലഭ്യമാകുന്ന മുറക്ക് ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

1-32 ടേക്ക് എ ബ്രേക്ക് ടോയ്‌ലറ്റ് - വൈദ്യുതി കണക്ഷനും കുടിവെള്ള കണക്ഷനും - പ്രവൃത്തി പൂർത്തീകരണത്തിന്റെ വിവരങ്ങൾ ലഭ്യമാക്കിയിട്ടില്ല

പദ്ധതി നമ്പർ : 56/23.(ടഠ)
പദ്ധതിയുടെ പേര് : കോടമ്പിള്ളി ടേക്ക് എ ബ്രേക്ക് ടോയ്‌ലറ്റ് കോംപ്ലക്സിലേക്ക് വൈദ്യുതി കണക്ഷനും കുടിവെള്ള കണക്ഷനും.

നിർവ്വഹണ ഉദ്യോഗസ്ഥൻ : സെക്രട്ടറി

അടങ്കൽ : 1,00,000/-(സംസ്ഥാനാവിഷ്കൃതഫണ്ട്)

ചെലവ് : 66,243/-

ബിൽ നം. 14.10.22 26,243/- (KSEB)

ബിൽ നം. 19.10.22 40,000/- (KWA)

മേൽ പ്രൊജക്ട് പ്രകാരം കോടമ്പിള്ളി ടോയ്‌ലെറ്റ് കോംപ്ലക്സിലേക്ക് വൈദ്യുതി വെള്ള കണക്ഷൻ ലഭിക്കുന്നതിനായി ബന്ധപ്പെട്ട വകുപ്പുകളിലേക്ക് താഴെ പറയും പ്രകാരം തുക അടവാക്കിയിട്ടുണ്ട്. എന്നാൽ പദ്ധതി പൂർത്തീകരിച്ചതിന്റെ

വിശദാംശങ്ങൾ ഫയലിൽ ഇല്ല. ആയത് ലഭ്യമാകുന്നതുവരെ 66,243/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

### 1-33 ഐ.കെ.എം - വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല.

ഐ.കെ.എം -ന് പഞ്ചായത്ത് വിഹിതമായി നൽകിയ താഴെ പറയുന്ന തുകയ്ക്ക് വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല.

| | |
|---|---|
| പ്രൊജക്റ്റ് നം. | 105/23 |
| നിർവ്വഹണം | സെക്രട്ടറി |
| ബിൽനം.,തീയതി | 2212075207940041 5863/12.08.2022 |
| തുക | 128215/- |

തുക അടവാക്കിയതിന്റെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല. ആയത് ലഭ്യമാകുന്നതു വരെ ചെലവ് തുക ₹128215/- തടസ്സപ്പെടുത്തുന്നു.

### 1-34 നിക്ഷേപ പ്രവൃത്തിയ്ക്ക് നൽകിയ മുൻകൂർ തുകകൾ ക്രമീകരിച്ചിട്ടില്ല

വാർഷിക ധനകാര്യ പത്രികയിലെ B-18 ഷെഡ്യൂൾ പ്രകാരം പഞ്ചായത്തിലെ വിവിധ പ്രവൃത്തികൾ വാട്ടർ അതോറിറ്റിയ്ക്കും, കെ.എസ്.ഇ.ബിയ്ക്കും, പി.ഡബ്ല്യൂ.ഡിയ്ക്കും നൽകിയിട്ടുള്ള മുൻകൂർ ക്രമീകരിച്ചിട്ടില്ല എന്ന് കാണുന്നു. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ.നം | ഹെഡ് കോഡ് | വർഷാരംഭത്തിൽ ക്രമീകരിക്കാൻ ബാക്കി നിൽക്കുന്ന തുക | വർഷാവസാനം ക്രമീകരിക്കാൻ ബാക്കി നിൽക്കുന്ന തുക |
|---|---|---|---|
| കേരള വാട്ടർ അതോറിറ്റി | | | |
| 1 | 460500201 | 901000 | 901000 |
| കെ.എസ്.ഇ.ബി | | | |
| 2 | 460500202 | 4020315 | 4378681 |
| പി.ഡബ്ല്യു.ഡി | | | |
| 3. | 460500205 | 840000 | 1114000 |

ധനകാര്യ പത്രികയിൽ മേൽ ചേർത്ത തുകകൾ ക്രമീകരിച്ച് വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## ഭാഗം -2

## വരവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 2-1 മേഖല ഇനത്തിൽ അനർഹമായ വസ്തുനികുതി ഇളവ് നൽകി

2011 ലെ കേരള പഞ്ചായത്ത് രാജ് (വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ, ചട്ടം 6 പട്ടിക 1 പ്രകാരം പ്രഥമ മേഖലയിൽ ഉൾപ്പെടുന്ന കെട്ടിടങ്ങളുടെ അടിസ്ഥാന വസ്തു നികുതിയിൽ ഇളവ് നൽകാൻ പാടില്ല. ദിതീയ മേഖല, തൃതീയ മേഖല എന്നിവയിൽ ഉൾപ്പെട്ട കെട്ടിടങ്ങൾക്ക് യഥാക്രമം 10% വും 20% വും അടിസ്ഥാന വസ്തുനികുതിയിൽ ഇളവ് നൽകേണ്ടതാണ്. 19-10-2011 ലെ പഞ്ചായത്ത് കമ്മിറ്റി 4-ാം നമ്പർ തീരുമാന പ്രകാരം വേങ്ങൂർ ഗ്രാമപഞ്ചായത്തിലെ മേഖലകളെ താഴെ ചേർത്ത പ്രകാരം തരം തിരിച്ചിട്ടുണ്ട്.

പ്രഥമ മേഖല - പഞ്ചായത്തിലെ വേങ്ങൂർ, ചൂരത്തോട്, കൊമ്പനാട്, നെടുങ്ങപ്ര കവലകളുടെ 200 മീറ്റർ ചുറ്റളവിൽ വരുന്ന പ്രദേശങ്ങളും, പഞ്ചായത്തിലെ പി.ഡബ്ല്യൂ.ഡി റോഡുകളുടെ 100 മീറ്റർ ദൂരപരിധിയിൽ വരുന്ന പ്രദേശങ്ങളും ഉൾപ്പെടുന്നു.

ദ്വിതീയ മേഖല - പഞ്ചായത്തിലെ ക്രാരിയേലി വടക്ക്, ക്രാരിയേലി തെക്ക്, പാണിയേലി, പാണംകുഴി, മേയ്ക്കപ്പാല, എന്നീ കവലകളുടെ 200 മീറ്റർ ചുറ്റളവിൽ വരുന്ന പ്രദേശങ്ങളും പഞ്ചായത്ത് റോഡുകളുടെ 100 മീറ്റർ ദൂരപരിധിയിൽ വരുന്ന പ്രദേശങ്ങളും ഉൾപ്പെടുന്നു.

തൃതീയ മേഖല - മേൽ ചേർത്ത രണ്ട് മേഖലകളിലും ഉൾപ്പെടാത്ത പഞ്ചായത്തിലെ പ്രദേശങ്ങൾ.

എന്നാൽ മേൽ വ്യവസ്ഥകൾ പാലിക്കാതെ അനർഹമായ മേഖല ഇളവ് നൽകിയാണ് തൻ വർഷം ചില

കെട്ടിടങ്ങളുടെ വസ്തുനികുതി നിർണ്ണയിച്ചത്. വിശദ വിവരങ്ങൾ താഴെ ചേർക്കുന്നു.

1) പ്രീത രാജീവ്, കക്കാട്ടുകുന്നേൽ വീട്, പയ്യാൽ, നെടുങ്ങപ്ര. പി. ഒ എന്ന വ്യക്തിയുടെ 6/297/A എന്ന കെട്ടിടത്തിന് ഇതര വ്യവസായങ്ങൾക്കാവശ്യമുള്ളവ എന്ന ഉപയോഗ ക്രമം നൽകി 2022 രണ്ടാം അർദ്ധവർഷം മുതൽ വസ്തുനികുതി നിർണ്ണയിച്ചിട്ടുണ്ട്. കംപ്ലീഷൻ പ്ലാൻ പ്രകാരം കെട്ടിടത്തിന്റെ കോർണർ മുതൽ കോട്ടപ്പടി - കുറുപ്പംപടി പി.ഡബ്ല്യു.ഡി റോഡ് വരെ 93.8 മീറ്റർ അകലമാണ് ഉള്ളത്. പ്ലോട്ട് സ്ഥിതി ചെയ്യുന്നത് മേൽ റോഡിൽ നിന്നും ഇതിലും അകലം കുറവായാണ്. പി.ഡബ്ല്യു.ഡി റോഡിൽ നിന്നും 100 മീറ്റർ ദൂര പരിധിക്കുള്ളിലാണ് കെട്ടിടം സ്ഥിതി ചെയ്യുന്നതിനാൽ പഞ്ചായത്ത് കമ്മിറ്റി തീരുമാനത്തിലെ വ്യവസ്ഥകൾ പ്രകാരം ആയത് പ്രഥമ മേഖലയാണ്. എന്നാൽ ഈ കെട്ടിടത്തിന് തൃതീയ മേഖലയിൽ ഉൾപ്പെടുത്തി 20% അടിസ്ഥാന വസ്തുനികുതിയിൽ ഇളവ് നൽകിയിട്ടുണ്ട്. ആയതിനാൽ വസ്തുനികുതിയിൽ കുറവുണ്ടായിട്ടുണ്ട്.

| തറ വിസ്തീർണ്ണം | നിർണ്ണയിച്ച വസ്തുനികുതി | നിർണ്ണയിക്കേണ്ടത് | കുറവ് |
|---|---|---|---|
| 375.6 ച.മീ | 375.6 X 50 = 18780 - 3756 (മേഖല 20 % ഇളവ്) - 1878 (മേൽക്കൂര 10% ഇളവ്) = 13146/- | 375.6 X 50 = 18780 - 1878 (മേൽക്കൂര 10% ഇളവ്) = 16902/- | 3756/- |

2) എച്ച് ബി തോമസ് മാർ ദിവന്നാത്തിയോസ് മെത്രാപൊലീത്താ, സെന്റ് മേരീസ് ചർച്ച്, നെടുങ്ങപ്ര പി.ഒ, നെടുങ്ങപ്ര, എന്ന വ്യക്തിയുടെ 7/442/A, B, C, D എന്നീ കെട്ടിടങ്ങൾക്ക് വാണിജ്യാവശ്യത്തിനുള്ളവ 100 ച.മീറ്റർ മുകളിൽ തറ വിസ്തീർണ്ണം ഉള്ള ഹോട്ടൽ, റെസ്റ്റോറന്റുകൾ, ഷോപ്പുകൾ, ഗോഡൗൺ എന്ന ഉപയോഗ ക്രമം നൽകി 2022 രണ്ടാം അർദ്ധവർഷം മുതൽ വസ്തുനികുതി നിർണ്ണയിച്ചിട്ടുണ്ട്. കംപ്ലീഷൻ പ്ലാൻ പ്രകാരം കോട്ടപ്പടി - കുറുപ്പംപടി പി.ഡബ്ല്യു.ഡി റോഡിൽ നിന്ന് ഈ കെട്ടിടങ്ങൾക്ക് പ്രവേശനമുണ്ട്. പി.ഡബ്ല്യു.ഡി റോഡിൽ നിന്നും 100 മീറ്റർ ദൂര പരിധിക്കുള്ളിലാണ് കെട്ടിടം സ്ഥിതി ചെയ്യുന്നതിനാൽ പഞ്ചായത്ത് കമ്മിറ്റി തീരുമാനത്തിലെ വ്യവസ്ഥകൾ പ്രകാരം ആയത് പ്രഥമ മേഖലയാണ്. എന്നാൽ ഈ കെട്ടിടങ്ങൾക്ക് ദ്വിതീയ മേഖലയിൽ ഉൾപ്പെടുത്തി 10% അടിസ്ഥാന വസ്തുനികുതിയിൽ ഇളവ് നൽകിയിട്ടുണ്ട്. ആയതിനാൽ വസ്തുനികുതിയിൽ കുറവുണ്ടായിട്ടുണ്ട്.

| കെട്ടിട നമ്പർ | തറ വിസ്തീർണ്ണം | നിർണ്ണയിച്ച വസ്തുനികുതി | നിർണ്ണയിക്കേണ്ടത് | കുറവ് |
|---|---|---|---|---|
| 7/442/A | 35.35 ച.മീ | 35.35 X 60 = 2121 - 212.1 (മേഖല 10 % ഇളവ്) + 424.2 (വഴി സൗകര്യം 20% വർദ്ധനവ്) = 2334/- | 35.35 X 60 = 2121 + 424.2 (വഴി സൗകര്യം 20% വർദ്ധനവ്) = 2546/- | 212/- |
| 7/442/B | 35.35 ച.മീ | 35.35 X 60 = 2121 - 212.1 (മേഖല 10 % ഇളവ്) + 424.2 (വഴി സൗകര്യം 20% വർദ്ധനവ്) = 2334/- | 35.35 X 60 = 2121 + 424.2 (വഴി സൗകര്യം 20% വർദ്ധനവ്) = 2546/- | 212/- |
| 7/442/C | 56.15 ച.മീ | 56.15 X 60 = 3369 - 336.9 (മേഖല 10 % ഇളവ്) + 673.8 (വഴി സൗകര്യം 20% വർദ്ധനവ്) - 185.3 (ബഹുനില വാണിജ്യാവശ്യത്തിനുള്ള ഇളവ് 5% - ഒന്നാം നില) = 3521/- | 56.15 X 60 = 3369 + 673.8 (വഴി സൗകര്യം 20% വർദ്ധനവ്) - 202.14 (ബഹുനില വാണിജ്യാവശ്യത്തിനുള്ള ഇളവ് 5% - ഒന്നാം നില) = 3841/- | 320/- |
| 7/442/D | 56.15 ച.മീ | 56.15 X 60 = 3369 - 336.9 (മേഖല 10 % ഇളവ്) + 673.8 (വഴി സൗകര്യം 20% വർദ്ധനവ്) - 185.3 (ബഹുനില | 56.15 X 60 = 3369 + 673.8 (വഴി സൗകര്യം 20% വർദ്ധനവ്) - 202.14 (ബഹുനില വാണിജ്യാവശ്യത്തിനുള്ള ഇളവ് 5% - ഒന്നാം നില) | 320/- |

| | | | | |
|---|---|---|---|---|
| | | വാണിജ്യാവശ്യത്തിനുള്ള ഇളവ് 5% - ഒന്നാം നില) = 3521/- | = 3841/- | |
| ആകെ | | | | 1064/- |

അപാകത സൂചിപ്പിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (15/28-10-2023) കുറവ് വന്ന തുക കെട്ടിട ഉടമകളിൽ നിന്നും ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. മേൽ കെട്ടിടങ്ങളുടെ വസ്തുനികുതി ശരിയായി നിർണ്ണയിച്ച് സഞ്ചയയിൽ രേഖപ്പെടുത്തി കുറവ് വന്ന തുക കെട്ടിട ഉടമയിൽ നിന്നോ ഉത്തരവാദിയായ സെക്രട്ടറിയിൽ നിന്നോ ഈടാക്കി വിവരം രേഖകൾ സഹിതം അറിയിക്കേണ്ടതാണ്.

## 2-2 വഴി സൗകര്യത്തിന്റെ അടിസ്ഥാനത്തിൽ അടിസ്ഥാനവസ്തുനികുതിയിൽ വർദ്ധനവ് ചെയ്തില്ല

2011 ലെ കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ, ചട്ടം 6 പട്ടിക 2 പ്രകാരം അഞ്ച് മീറ്ററോ അതിൽ കൂടുതലോ വീതിയുള്ള റോഡിൽ നിന്നും പ്രവേശന മാർഗ്ഗം ഉള്ള കെട്ടിടങ്ങൾക്ക് കെട്ടിടത്തിലേക്കുള്ള വഴി സൗകര്യത്തിന്റെ അടിസ്ഥാനത്തിൽ അടിസ്ഥാനവസ്തുനികുതിയിൽ 20% വർദ്ധനവ് ചെയ്യേണ്ടതാണ്. എന്നാൽ വേങ്ങൂർ ഗ്രാമപഞ്ചായത്തിലെ ചില വാണിജ്യകെട്ടിടങ്ങൾക്ക് അഞ്ച് മീറ്ററോ അതിൽ കൂടുതലോ വീതിയുള്ള റോഡിൽ നിന്നും പ്രവേശന മാർഗ്ഗം ഉണ്ടായിട്ടും വഴി സൗകര്യത്തിന്റെ അടിസ്ഥാനത്തിൽ അടിസ്ഥാനവസ്തുനികുതിയിൽ 20% വർദ്ധനവ് വരുത്തിയില്ല. വിശദവിവരം താഴെ ചേർക്കുന്നു.

1) പോൾസൺ എൽദോ, വെട്ടിക്കൽ വീട്, അരുവാപ്പാറ, എന്ന വ്യക്തിയുടെ ഉടമസ്ഥതയിലുള്ള 11/85/C നമ്പർ കെട്ടിടത്തിന് ഇതരവ്യവസായങ്ങൾക്കാവശ്യമുള്ള എന്ന ഉപയോഗക്രമം നൽകി 2022 രണ്ടാം അർദ്ധ വർഷം മുതൽ വസ്തുനികുതി നിർണ്ണയിച്ചിട്ടുണ്ട്. കംപ്ലീഷൻ പ്ലാൻ പ്രകാരം 6 മീറ്റർ വീതി ഉള്ള ചൂരത്തോട് - വെട്ടുവളവ് റോഡിൽ നിന്നും കെട്ടിടത്തിന് പ്രവേശനമുണ്ട്.ഓവർസിയറുടേയും വസ്തുനികുതി സെക്ഷൻ ക്ലർക്കിന്റേയും സാന്നിധ്യത്തിൽ ചെയ്ത 28.10.2023 ലെ സ്ഥല പരിശോധനയിൽ ആയത് ബോധ്യപ്പെടുകയും ചെയ്തു. എന്നാൽ വഴി സൗകര്യത്തിനുള്ള വർദ്ധനവ് അടിസ്ഥാന വസ്തുനികുതിയിൽ ചെയ്യാതെയാണ് വസ്തുനികുതി നിർണ്ണയിച്ചത്. ആയതിനാൽ വസ്തുനികുതിയിൽ കുറവുണ്ടായിട്ടുണ്ട്.

| തറവിസ്തീർണ്ണം (ച.മീ) | നിർണ്ണയിച്ച് ഈടാക്കുന്ന വസ്തുനികുതി | നിർണ്ണയിച്ച് ഈടാക്കേണ്ട വസ്തുനികുതി | കുറവ് |
|---|---|---|---|
| 150.5 | 150.5 X 50 = 7525 - 752.5 (മേഖല 10% ഇളവ്) - 752.5 (മേൽക്കൂര 10% ഇളവ്) = 6020/- | 150.5 X 50 = 7525 - 752.5 (മേഖല 10% ഇളവ്) - 752.5 (മേൽക്കൂര 10% ഇളവ്) + 1505(വഴി സൗകര്യം 20% വർദ്ധനവ്) = 7525/- | 1505/- |

2) സജി, തൊണ്ടുമാലി വീട്, അരുവപ്പാറ പി. ഒ, അരുവപ്പാറ എന്ന വ്യക്തിയുടെ ഉടമസ്ഥതയിലുള്ള 5/57/A, B, C, D നമ്പർ കെട്ടിടങ്ങൾക്ക് വാണിജ്യാവശ്യത്തിനുള്ളവ 100 ച.മീറ്റർ മുകളിൽ തറ വിസ്തീർണ്ണം ഉള്ള ഹോട്ടൽ, റെസ്റ്റോറന്റുകൾ, ഷോപ്പുകൾ, ഗോഡൗൺ എന്ന ഉപയോഗക്രമം നൽകി 2022 രണ്ടാം അർദ്ധ വർഷം മുതൽ വസ്തുനികുതി നിർണ്ണയിച്ചിട്ടുണ്ട്. കംപ്ലീഷൻ പ്ലാൻ പ്രകാരം 8 മീറ്റർ വീതി ഉള്ള ചൂരത്തോട് - മേക്കപ്പാല റോഡിൽ നിന്നും കെട്ടിടങ്ങൾക്ക് പ്രവേശനമുണ്ട്. ഓവർസിയറുടേയും വസ്തുനികുതി സെക്ഷൻ ക്ലർക്കിന്റേയും സാന്നിധ്യത്തിൽ ചെയ്ത 28-10-2023 ലെ സ്ഥല പരിശോധനയിൽ ആയത് ബോധ്യപ്പെടുകയും ചെയ്തു. എന്നാൽ വഴി സൗകര്യത്തിനുള്ള വർദ്ധനവ് അടിസ്ഥാന വസ്തുനികുതിയിൽ ചെയ്യാതെയാണ് വസ്തുനികുതി നിർണ്ണയിച്ചത്. ആയതിനാൽ വസ്തുനികുതിയിൽ കുറവുണ്ടായിട്ടുണ്ട്.

| കെട്ടിട നമ്പർ | തറ വിസ്തീർണ്ണം (ച.മീ) | നിർണ്ണയിച്ച് ഈടാക്കുന്ന വസ്തുനികുതി | നിർണ്ണയിച്ച് ഈടാക്കേണ്ട വസ്തുനികുതി | കുറവ് |
|---|---|---|---|---|
| 5/57/A | 24.27 | 24.27 X 60 = 1456.2 - 145.62 (മേഖല 10% ഇളവ്) = 1311/- | 24.27 X 60 = 1456.2 - 145.62 (മേഖല 10% ഇളവ്) + 291.24(വഴി സൗകര്യം 20% വർദ്ധനവ്) = 1602/- | 291/- |
| 5/57/B | 28.56 | 28.56 X 60 = 1713.6 - 171.36 (മേഖല 10% ഇളവ്) = 1543/- | 28.56 X 60 = 1713.6 - 171.36 (മേഖല 10% ഇളവ്) + 342.72(വഴി സൗകര്യം 20% | 342/- |

| | | | | |
|---|---|---|---|---|
| | | | വർദ്ധനവ്) = 1885/- | |
| 5/57/C | 28.47 | 28.47 X 60 = 1708.2 - 170.82 (മേഖല 10% ഇളവ്) - 76.9 (ബഹുനില വാണിജ്യാവശ്യം 5% ഇളവ്) = 1462/- | 28.47 X 60 = 1708.2 - 170.82 (മേഖല 10% ഇളവ്) + 341.64(വഴി സൗകര്യം 20% വർദ്ധനവ്) - 93.95 (ബഹുനില വാണിജ്യാവശ്യം 5% ഇളവ്) = 1786/- | 324/- |
| 5/57/D | 35.03 | 35.03 X 60 = 2101.8 - 210.18 (മേഖല 10% ഇളവ്) - 94.60 (ബഹുനില വാണിജ്യാവശ്യം 5% ഇളവ്) = 1798/- | 35.03 X 60 = 2101.8 - 210.18 (മേഖല 10% ഇളവ്) + 420.36(വഴി സൗകര്യം 20% വർദ്ധനവ്) - 115.599 (ബഹുനില വാണിജ്യാവശ്യം 5% ഇളവ്) = 2197/- | 399/- |
| ആകെ | | | | 1356/- |

അപാകത സൂചിപ്പിച്ച് ഓഡിറ്റ് എൻക്വയറി (16/28-10-2023) നൽകിയെങ്കിലും മറുപടി ലഭ്യമായില്ല. മേൽ കെട്ടിടങ്ങളുടെ വസ്തുനികുതി ശരിയായി നിർണ്ണയിച്ച് സഞ്ചയയിൽ രേഖപ്പെടുത്തി കുറവ് വന്ന തുക കെട്ടിട ഉടമയിൽ നിന്നോ ഉത്തരവാദിയായ സെക്രട്ടറിയിൽ നിന്നോ ഈടാക്കി വിവരം രേഖകൾ സഹിതം അറിയിക്കേണ്ടതാണ്.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നല്കിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി |
|---|---|
| 2022-23 ഓഡിറ്റിന്റെ ഭാഗമായാണ് അക്കൗണ്ട്സ് പരിശോധന നടത്തിയിട്ടുള്ളത്. | |

### 4-2 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ടുകളുടെ വിവരം

| ക്രമ നം. | വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ട് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|---|
| 1 | ജില്ലാ പഞ്ചായത്ത് (എറണാകുളം) | 2022-23 | 2638290 | 126/23 - ഭിന്നശേഷി വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് നൽകൽ | 150290 | 0 |
| | | | | 341/23, വിജയഭേരി എസ് സി വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് | 288000 | 0 |
| | | | | S122/23 - ഭൂമിയുള്ള ഭവനരഹിതർക്ക് വീട് - എസ് സി | 1452432 | 0 |
| | | | | S062/23 - വീട് നിർമ്മാണം ലൈഫ് മിഷൻ എസ് സി | 347568 | 0 |
| | | | | S106/23 -ലൈഫ് പദ്ധതി ഭൂമിയുള്ള ഭവനരഹിതർക്ക് വീട് - ജനറൽ | 400000 | 0 |
| | ആകെ | | 2638290 | | 2638290 | |
| 3 | ബ്ലോക്ക് പഞ്ചായത്ത് (കൂവപ്പടി ബ്ലോക്ക്) | 2022-23 | 2723060 | 126/23 - ഭിന്നശേഷി വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് നൽകൽ | 446460 | 0 |
| | | | | S122/23 - ഭൂമിയുള്ള ഭവനരഹിതർക്ക് വീട് - എസ് സി | 970000 | 0 |

| | | | | | |
|---|---|---|---|---|---|
| | | | S106/23 –ലൈഫ് പദ്ധതി ഭൂമിയുള്ള ഭവനരഹിതർക്ക് വീട് – ജനറൽ | 584600 | 0 |
| | | | 277/23 – ക്ഷീര സംഘങ്ങൾ വഴി സംഭരിക്കുന്ന പാലിന് ധനസഹായം | 430000 | 0 |
| | | | S123/23 – ഭൂമിയുള്ള ഭവനരഹിതർക്ക് വീട് – എസ് ടി | 292000 | 0 |
| | ആകെ | 2723060 | | 2723060 | 0 |

## 4-3 നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരം

| നിർവ്വഹണ ഏജൻസി | പ്രവൃത്തി | ബിൽ നമ്പർ/ വൗച്ചർ നമ്പർ | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കി യുള്ള തുക |
|---|---|---|---|---|---|
| വന സംരക്ഷണ സമിതി | കുമ്പളംതോട് റോഡ് കോൺക്രീറ്റിംഗ് | 42200753/ 12.01.2023 | 274,000.00 | വിനിയോഗ സാക്ഷ്യപത്രം ലഭ്യമായിട്ടില്ല | - |
| ANERT | 119/23 കൃഷി ഓഫീസിന് മുകളിൽ സോളാർ പവർ പാനൽ സ്ഥാപിക്കൽ- ഓൺ ഗ്രിഡ് | 115/14.10.2022<br>114/14.10.2022 | 365040<br>426960 | വിനിയോഗ സാക്ഷ്യപത്രം ലഭ്യമായിട്ടില്ല | - |
| കെ.എസ്. ഇ.ബി. | 38/23 സ്ട്രീറ്റ് ലൈൻ വലിക്കൽ വാർഡ് 3 | 148/ 18.11.2022 | 336300/- | വിനിയോഗ സാക്ഷ്യപത്രം ലഭ്യമായിട്ടില്ല | - |
| | 39/21-22 സ്ട്രീറ്റ് ലൈറ്റ് എക്സ്റ്റൻഷൻ വാർഡ് 10 | 147/18.11.2022 | 71980/- | വിനിയോഗ സാക്ഷ്യപത്രം ലഭ്യമായിട്ടില്ല | - |
| | 162/23 സ്ട്രീറ്റ് ലൈൻ വലിക്കൽ വാർഡ് 5 | 163/07.12.2023 | 358366/- | വിനിയോഗ സാക്ഷ്യപത്രം ലഭ്യമായിട്ടില്ല | - |
| | ആകെ | | 18,32,646/- | - | - |

നിക്ഷേപ പ്രവൃത്തികൾക്കായി ആകെ 18,32,646/-കൈമാറിയിട്ടുണ്ടെങ്കിലും വാർഷിക ധനകാര്യ പത്രികയിൽ കെ എസ് ഇ ബി-ക്ക് നൽകിയ 358366/- രൂപയും, വനസംരക്ഷണ സമിതിക്ക് നൽകിയ 2,74,000/- രൂപയും ANERT ന് നൽകിയ 66,792/- രൂപയും മാത്രമാണ് ഈ ശീർഷകത്തിൽ ചേർത്തിട്ടുള്ളത്. വനസംരക്ഷണ സമിതിക്ക് നൽകിയ തുക പി.ഡബ്ല്യു.ഡി-ക്ക് നൽകിയ മുൻകൂർ എന്നാണ് രേഖപ്പെടുത്തിയിട്ടുള്ളത്. അപാകതകൾ പരിഹരിച്ച് അറിയിക്കേണ്ടതാണ്.

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് നല്കിയതിന്റെ വിവരങ്ങൾ

ഓഡിറ്റ് വർഷം മരാമത്ത് പ്രവൃത്തികൾക്ക് മൊബിലൈസേഷൻ അഡ്വാൻസായി ഗുണഭോക്തൃ സമിതികൾക്ക് തുക നൽകിയിട്ടില്ല

## 4-5 വായ്പ / വായ്പാതിരിച്ചടവ്

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നം./ തീയതി | തൻവർഷത്തെ വായ്പാ തുക | വർഷാരംഭത്തിൽ തിരിച്ചടക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻ വർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ലൈഫ് മിഷൻ ലോൺ (KURDFC) വഴി ലഭിച്ചത് | ----- | 6120000 | 22188001 | 4253479 | ----- | 24054522 |

ജി ഒ പ്രൊജക്റ്റ് മുഖേന തുക അടവാക്കിയതിന്റെ വിവരം ചുവടെ ചേർക്കുന്നു.

| തിരിച്ചടവിന്റെ വിവരം | | |
|---|---|---|
| ജി.ഒ.പ്രോജക്റ്റ് | | തുക |
| നമ്പർ | പേര് | |
| എസ്.357/23 | ലൈഫ് മിഷൻ വായ്പ മുതൽ തിരിച്ചടവ് (ടി.എസ്.പി) | ₹181755 |
| എസ്.361/23 | ലൈഫ് മിഷൻ വായ്പ മുതൽ തിരിച്ചടവ് (ടി എസ്.പി) | ₹23384 |
| എസ്.378/23 | ലൈഫ് മിഷൻ വായ്പ മുതൽ തിരിച്ചടവ് (ടി എസ്.പി) | ₹205139 |
| എസ്.360/23 | ലൈഫ് മിഷൻ വായ്പ മുതൽ തിരിച്ചടവ് (എസ്.സി.പി) | ₹824857 |
| എസ്.377/23 | ലൈഫ് മിഷൻ വായ്പ മുതൽ തിരിച്ചടവ് (എസ്.സി.പി) | ₹824857 |
| എസ്.358/23 | ലൈഫ് മിഷൻ വായ്പ മുതൽ തിരിച്ചടവ് (ജനറൽ) | ₹708460 |
| എസ്.362/23 | ലൈഫ് മിഷൻ വായ്പ മുതൽ തിരിച്ചടവ് (ജനറൽ) | ₹388283 |
| എസ്.376/23 | ലൈഫ് മിഷൻ വായ്പ മുതൽ തിരിച്ചടവ് (ജനറൽ) | ₹1096744 |
| | ആകെ | 4253479 |

## 4-6 സ്ഥിരനിക്ഷേപങ്ങൾ

ഇല്ല

## 4-7 ഓഡിറ്റ് റിക്കവറി

തൻവർഷം ഓഡിറ്റ് റിക്കവറി ഇനത്തിൽ ഈടാക്കിയ 13,452/- രൂപയുടെ വിവരം താഴെ ചേർക്കുന്നു. പ്രയർ പിരീഡ് ഇൻകം എന്ന ശീർഷകത്തിലാണ് തുക വരവ് രേഖപ്പെടുത്തിയിരിക്കുന്നത്.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രസീത് നമ്പർ തീയതി |
|---|---|---|---|---|
| 2017-18 | 2-4 | 240 | ജോമോൻ | 1220100884/ 29.07.2022 |
| 2000-01 | 24 | 150 | കെ വി വൽസല | 1220101144/ 14.09.2022 |
| 2000-01 | 26-2 | 150 | വി സി വർക്കി | 1220101145/ 21.04.2022 |
| 2001-02 | 2-1 | 50 | എം കെ രവീന്ദ്രൻ | 1220100911/ 06.08.2022 |
| 2001-02 | 2-1 | 25 | ഔസേഫ് തോമസ് | 1220100912/ 06.08.2022 |
| 2001-02 | 2-1 | 25 | കെ വി മാത്തുക്കുട്ടി | 1220100913/ 06.08.2022 |
| 2001-02 | 2-1 | 25 | ഇസമ്മ ജോയി | 1220100914/ 06.08.2022 |
| 2001-02 | 2-1 | 50 | എൻ പി ഗംഗാധരൻ | 1220100915/ 06.08.2022 |
| 2001-02 | 2-1 | 25 | പി സി ഡേവിസ് | 1220100916/ 06.08.2022 |
| 2001-02 | 2-1 | 75 | ടി പി ഇട്ടീര | 1220100917/ 06.08.2022 |
| 2001-02 | 2-1 | 13 | പി എൻ ശശീന്ദ്രൻ | 1220100918/ 06.08.2022 |
| 2001-02 | 2-1 | 75 | അജി ജേക്കബ് | 1220100919/ 06.08.2022 |
| 2001-02 | 2-1 | 13 | എൻ പി രാമകൃഷ്ണൻ | 1220100920/ 06.08.2022 |
| 2001-02 | 2-1 | 13 | പുറവത്ത് കുര്യാക്കോസ് | 1220100921/ 06.08.2022 |
| 2001-02 | 2-1 | 25 | കെ എം പൈലി | 1220100922/ 06.08.2022 |
| 2001-02 | 2-1 | 13 | ഉതുപ്പ് തോമസ് | 1220100923/ 06.08.2022 |

| | | | | |
|---|---|---|---|---|
| 2003-04 | 2-2 | 25 | എസ് എം തമ്പി | 1220100926/ 06.08.2022 |
| 2003-04 | 2-2 | 75 | ബാബു തോമസ് | 1220100927/ 06.08.2022 |
| 2003-04 | 2-2 | 75 | ടി പി ഇട്ടീര | 1220100928/ 06.08.2022 |
| 2003-04 | 2-2 | 250 | റെജി പി വർഗീസ് | 1220100929/ 06.08.2022 |
| 2003-04 | 2-2 | 50 | എം കെ രവീന്ദ്രൻ | 1220100930/ 06.08.2022 |
| 2003-04 | 2-2 | 250 | എ ഒ വർഗീസ് | 1220100931/ 06.08.2022 |
| 2007-08, 2008-09, 2010-11 | 2-1 | 300 | ഇ ജെ സണ്ണി | 1220101013/ 25.08.2022 |
| 2000-01 | 27-1 | 50 | എൻ പി ഗംഗാധരൻ | 1220101146/ 14.09.2022 |
| 2000-01 | 27-3 | 250 | പി വി ബാബു | 1220101147/ 14.09.2022 |
| 2003-04 | 2-2 | 480 | ടി പി ഇട്ടീര | 1220100928/ 06.08.2022 |
| 2003-04 | 2-2 | 2100 | റെജി പി വർഗീസ് | 1220100929/ 06.08.2022 |
| 2003-04 | 2-2 | 50 | എം കെ രവീന്ദ്രൻ | 1220100930/ 06.08.2022 |
| 2003-04 | 2-2 | 1260 | എ ഒ വർഗീസ് | 1220100931/ 06.08.2022 |
| 2007-08, 2008-09, 2010-11 | 1-18 | 5500 | ഇ ജെ സണ്ണി | 1220101013/ 25.08.2022 |
| 2000-01 | 27-1 | 1280 | എൻ പി ഗംഗാധരൻ | 1220101146/ 14.09.2022 |
| 2000-01 | 27-3 | 250 | പി വി ബാബു | 1220101147/ 14.09.2022 |
| 2001-02 (നോൺ പ്ലാൻ) | 2-2A | 120 | കുട്ടപ്പൻ | 1220100924/ 06.08.2022 |
| 2001-02 (നോൺ പ്ലാൻ) | 2-2A | 120 | ടി കെ സന്തോഷ് | 1220100925/ 06.08.2022 |
| | ആകെ | 13452 | | - |

## 4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2000-01 | 46 | 2003-04 | | പാണംകുഴി ബാലവാടി വികസനം | തുക അടവാക്കി |
| 2013-14, 2014-15 | 2(3) | 2016-17 | അദ്ധ്യായം 2 | തൊഴിൽ നികുതി – അപാകതകൾ | തുടർനടപടികൾ സ്വീകരിച്ച് വിശദീകരണ പത്രിക നൽകി |
| 2015-16 | 2-2 | 2016-17 | | തൊഴിൽ നികുതി ഈടാക്കിയിട്ടില്ല | തുടർനടപടികൾ സ്വീകരിച്ച് വിശദീകരണ പത്രിക നൽകി |

## 4-9 ചാർജ് സർചാർജ് നടപടികളുടെ വിവരം

ഇല്ല

## 4-10 ഓഡിറ്റ് പ്രത്യവലോകനം

എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ വരവ് | ₹130616373 |

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ചെലവ് | ₹121571411 |
| വരവിനങ്ങളിലുള്ള നഷ്ടം | ₹7681 |
| ചെലവിനങ്ങളിലുള്ള നഷ്ടം /<br>ഓഡിറ്റിൽ<br>അംഗീകരിക്കാത്ത തുക | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | ₹3355873 |

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

വരവിനങ്ങളിലുള്ള നഷ്ടം

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 2-1 | 4820 | ശ്രീ. അഫ്സൽ രാജ് എം.ആർ, സെക്രട്ടറി, വേങ്ങൂർ ഗ്രാമപഞ്ചായത്ത് |
| 2-2 | 2861 | ശ്രീ. അഫ്സൽ രാജ് എം.ആർ, സെക്രട്ടറി, വേങ്ങൂർ ഗ്രാമപഞ്ചായത്ത് |
| ആകെ. | ₹7681 | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-18 | 167500 | ശ്രീ.നിധീഷ് ബാബു,<br>കൃഷി ഓഫീസർ,<br>വേങ്ങൂർ ഗ്രാമപഞ്ചായത്ത് |
| 1-19 | 5000 | ശ്രീ.നിധീഷ് ബാബു,<br>കൃഷി ഓഫീസർ,<br>വേങ്ങൂർ ഗ്രാമപഞ്ചായത്ത് |
| 1-23 | 270000 | ശ്രീ. അഫ്സൽ രാജ് എം.ആർ,<br>സെക്രട്ടറി, വേങ്ങൂർ<br>ഗ്രാമപഞ്ചായത്ത് |
| 1-24 | 162793 | ശ്രീ സുരേഷ് എൻ എ,<br>സെക്രട്ടറി,വേങ്ങൂർ<br>ഗ്രാമപഞ്ചായത്ത് |
| 1-25 | 274000 | ശ്രീ. അഫ്സൽ രാജ് എം.ആർ,<br>സെക്രട്ടറി, വേങ്ങൂർ<br>ഗ്രാമപഞ്ചായത്ത് |
| 1-26 | 195430 | -ടി- |
| 1-27 | 149096 | ശ്രീമതി സുജാത പി വി,ഹെഡ്മിസ്ട്രസ്സ്,ഗവ.എൽ പി എസ് |
| 1-28 | 378950 | -ടി- |
| 1-30 | 766646 | ശ്രീ. അഫ്സൽ രാജ് എം.ആർ,<br>സെക്രട്ടറി, വേങ്ങൂർ<br>ഗ്രാമപഞ്ചായത്ത് |
| 1-31 | 792000 | ശ്രീ സുരേഷ് എൻ എ,<br>സെക്രട്ടറി,വേങ്ങൂർ<br>ഗ്രാമപഞ്ചായത്ത് |
| 1-32 | 66243 | -ടി- |
| 1-33 | 128215 | -ടി- |

| | | |
|---|---|---|
| ആകെ | ₹ 3355873 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾഎന്നിവയ്ക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഓഡിറ്റ് നടന്ന സമയത്തെ ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ.നിധീഷ് ബാബു,<br>കൃഷി ഓഫീസർ,<br>വേങ്ങൂർ ഗ്രാമപഞ്ചായത്ത് | കൃഷി ഓഫീസർ,<br>വേങ്ങൂർ<br>ഗ്രാമപഞ്ചായത്ത് | ചൂരപ്പുഴ, മൂന്നാർ (പി.ഒ)<br>ഇടുക്കി - 682612 |
| ശ്രീ. അഫ്സൽ രാജ് എം.ആർ,<br>സെക്രട്ടറി,വേങ്ങൂർ<br>ഗ്രാമപഞ്ചായത്ത് | സെക്രട്ടറി, വേങ്ങൂർ<br>ഗ്രാമപഞ്ചായത്ത് | കൊല്ലാർകുളങ്ങര വീട്,<br>അവലൂക്കുന്നം, പി.ഒ.<br>ആര്യാട്,<br>ആലപ്പുഴ |
| ശ്രീ സുരേഷ് എൻ എ,<br>സെക്രട്ടറി,വേങ്ങൂർ<br>ഗ്രാമപഞ്ചായത്ത് | സെക്രട്ടറി,കൊപ്പം<br>ഗ്രാമപഞ്ചായത്ത് | നമ്പ്യാളിൽ വീട്,<br>ഐമുറി പി ഒ,കാവുംപുറം |
| ശ്രീമതി സുജാത പി വി,<br>ഹെഡ്മിസ്ട്രസ്സ്,<br>ഗവ.എൽ പി എസ് | ഗവ.എൽ പി എസ്,<br>വേങ്ങൂർ | അയ്നിപ്പിള്ളി,<br>ഇരിങ്ങോൾ പി ഒ,<br>പെരുമ്പാവൂർ |

## 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1998-99 | കെ.എസ്.എ.ഇ.കെ.എം.(പി2) 763(Ii)/2019/തീ.06.07.19 | 1 |
| 1999-2000 | കെ.എസ്.എ.ഇ.കെ.എം.(പി2) 763(Iii)/2019/തീ.06.07.19 | 8 |
| 2005-06 | എൽ എഫ് ഇ (പി2)1338/10 തീ.19.12.11 | 6 |
| 2006-07 | എൽ എഫ് ഇ (പി2)1339/10 തീ.19.12.11 | 7 |
| 2007-08 To 2010-11 | എൽ എഫ് ഇ (പി2)1612/12/തീ.1.9.12 | 14 |
| 2011-12 To 2012-13 | എൽ എഫ് ഇ (പി2)763(Iv)/2019/തീ.06.07.19 | 14 |
| 2013-14 & 2014-15 | കെ.എസ്.എ.ഇ.കെ.എം.(പി2)763(V)/2019/തീ.06.07.19 | 11 |
| 2015-16 | കെ.എസ്.എ.ഇ.കെ.എം.(പി2)2243/16/ തീ.31.01.2017 | 16 |
| 2016-17 | കെ.എസ്.എ.ഇ.കെ.എം.(പി2)674/19/ തീ.26.7.19 | 10 |
| 2017-18 | കെ.എസ്.എ.ഇ.കെ.എം.(പി2)161/19/ തീ.15-07-19 | 13 |
| 2018-19 | നം.കെ.എസ്.എ.-ഇകെഎം(പി.2)275/2020, തീയതി.16.03.2020 | 15 |
| 2019-20 | നം. കെ.എസ്.എ-ഇ.കെ.എം.(പി2)1914/2021 തീയതി 08.04.2022 | 47 |
| 2020-21 | നം. കെ.എസ്.എ-ഇ.കെ.എം.(പി2)1915/2021 തീയതി 08.04.2022 | 40 |
| 2021-22 | നം. കെ.എസ്.എ-ഇ.കെ.എം.(പി2)262/2023 തീയതി 13.04.2023 | 55 |

അവശേഷിക്കുന്ന റിപ്പോർട്ടുകൾ തീർപ്പാക്കാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

# Annexure 1
# Audit Certificate

i. I have audited the attached Financial statements approved vide resolution number 2 dated 29-07-2023 and submitted on 31-07-2023 , comprising of Receipt and Payment statement,Income and Expenditure account for the year ended on March 2023 and Balance sheet as on 31-03-2023 , with supporting forms, of the Vengoor Grama Panchayat as per section 215(4) of Kerala Panchayath Raj act 1994, Kerala Panchayath Raj Accounts rules 2011, KSAD Audit Manual chapters 4.2.1 & 11.3 and as per guidelines and compliance instructions issued by State /Central Government, Finance Commission and other funding agencies from time to time. Preparation of these accounts is the responsibility of the PRI's management. My responsibility is to express an opinion on these accounts based on my Financial Audit.

ii. I have conducted my Financial Audit in accordance with auditing standards issued by C&AG of India and Guidelines for Financial Audit of PRIs issued by C&AG. These standards/guidelines require that I plan and perform the audit to obtain reasonable assurance whether the financial statements are free from material misstatements. An audit includes examining evidences supporting the amounts and disclosures in the financial statements. An audit also includes assessing the accounting principles used and significant estimates made, as well as evaluating the overall presentation of accounts. I believe that my audit provides a reasonable basis for my opinion.

iii. On the basis of the information and explanations that I required and have obtained, and according to the best of my information as a result of Financial Audit of the accounts and on consideration of explanations given,

I certify that, subject to my observations in the appended report, except for the matters described in the basis for qualified opinion in the appended report and subject to other observations therein, the Annual Financial Statements give a true and fair view of financial result and Financial position of Vengoor Grama Panchayat for the year 2022-2023

Date: 13/12/2023

Deputy Director
District Office Ernakulam
Kerala State Audit Department

## Audit Report appended to the Audit Certificate of Vengoor Grama Panchayat for the Year 2022-2023.

**1.Major Observations**

1) Lack of free and independent access to Accounting and all other Softwares which have direct or indirect impact on financial reports and information.

2) Lack of Panchayath Raj Budget rules adversely affecting budgetary control system.

3) The asset value shown in Balance Sheet is not traceable to Asset Register due to unsupported design of existing asset register.

4) Non inclusion of *Notes on Accounts* in Financial statements and non disclosure of material facts

5) Non completion of transition period process, during migration to accrual based double entry system from cash based single entry system, including valuation of assets and liabilities for inclusion in opening balance sheet.

**2.Other Observations**

1. Anomalies exist in property tax DCB
2. CFC Grant transactions recorded are not accurate.
3. Amount deposited for deposit works are not properly booked.
4. Anomaly in the Distress Relief Fund Bank Balance and Balance Sheet is not rectified.
5. Cash flow statement is not accurate.
6. Value of closing stock as per stock register is not recorded in Balance Sheet.

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

എറണാകുളം ജില്ലയിലെ വേങ്ങൂർ ഗ്രാമപഞ്ചായത്തിന്റെ 2022-2023 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്